2023
JUNE
22
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995




## ബൈജൂസിൽ വീണ്ടും കൂട്ടപ്പിരിച്ചുവിടൽ

**ന്യൂഡൽഹി :** രാജ്യത്തെ ഏറ്റവും വലിയ എഡ്ടെക് കമ്പനിയായ ബൈജൂസ് 1000 ജീവനക്കാരെ കൂടി പിരിച്ചുവിട്ടതായി റിപ്പോർട്ടുകൾ. കടക്കെണിയിലായ കമ്പനി, പ്രതിസന്ധിയെത്തുടർന്ന് ചെലവു ചുരുക്കുന്നതിനായാണ് പിരിച്ചുവിടൽ. മെന്ററിങ്, ലോജിസ്റ്റിക്സ്, ട്രെയ്നിങ്, സെയിൽസ്, പോസ്റ്റ് സെയിൽസ്, ഫിനാൻസ് തുടങ്ങിയ വിഭാഗങ്ങളിൽ നിന്നെല്ലാം ജീവനക്കാരെ പിരിച്ചുവിടുന്നുണ്ട്. സ്വയം രാജിവയ്ക്കണമെന്നാണ് കമ്പനി ജീവനക്കാരോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഇവരുടെ കമ്പനി ഇ മെയിലുകൾ ഡീആക്ടിവേറ്റ് ചെയ്തു. ഐഡി കാർഡ് തിരിച്ചേൽപ്പിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലെ ശമ്പളം പിരിച്ചുവിടുന്ന ജീവനക്കാർക്കു നൽകുമെന്നാണു സൂചന.

അടുത്തിടെ യുഎസിൽ നിന്നുള്ള വായ്പാദാതാക്കളുമായി തർക്കമുണ്ടായതിനെ തുടർന്ന് നിയമക്കുരുക്കിലായ കമ്പനിക്ക് ഏകദേശം 100 കോടി ഡോളറിന്റെ വായ്പ തിരിച്ചടയ്ക്കേണ്ടതുണ്ട്. നിലവിൽ 50,000ത്തോളം ജീവനക്കാരാണ് കമ്പനിയിലുള്ളത്.

2022 ഒക്ടോബറിലാണ് കമ്പനി ലാഭത്തിലെത്തിക്കുന്നതിന്റെ ഭാഗമായി 5 ശതമാനം ജീവനക്കാരെ ഒഴിവാക്കുമെന്ന് ബൈജൂസ് പ്രഖ്യാപിച്ചത്. തുടർന്നുള്ള ആറു മാസങ്ങളിലായി 2500 ജീവനക്കാരെ പിരിച്ചുവിടാനായിരുന്നു ബോർഡിന്റെ തീരുമാനം.

2023 മാർച്ചോടെ ലാഭത്തിലേക്കെത്തുകയായിരുന്നു ലക്ഷ്യം. ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പുകളിൽ ഒന്നായ ബൈജൂസിന്റെ മൂല്യം ഒരുസമയത്ത് ഏകദേശം 22,000 കോടി ഡോളറിലേക്കെത്തിയിരുന്നു.

2011ൽ ആരംഭിച്ച കമ്പനിയിൽ ആഗോളതലത്തിൽ നിക്ഷേപം വന്നുതുടങ്ങിയതോടെയാണ് ശ്രദ്ധിക്കപ്പെട്ടത്. ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ സ്പോൺസർഷിപ്പും കമ്പനി നേടി. വായ്പ തിരിച്ചടയ്ക്കാനായി കടുത്ത ചെലവുചുരുക്കലിലേക്ക് കടന്നിരിക്കുകയാണ് യൂണികോൺ കമ്പനിയായ ബൈജൂസ്.

### എയർ ഇന്ത്യ: 470 വിമാനം വാങ്ങാൻ കരാറായി

**പാരിസ് :** ടാറ്റയുടെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ, ബോയിങ്ങിൽ നിന്നും എയർബസിൽ നിന്നുമായി 470 വിമാനങ്ങൾ വാങ്ങുന്നതിനുള്ള അന്തിമ കരാറായി. പാരിസിൽ നടക്കുന്ന എയർ ഷോയിലാണ് കരാർ ഒപ്പിട്ടത്. 250 എയർബസ് വിമാനങ്ങളും 220 ബോയിങ് ജെറ്റുകളുമാണു വാങ്ങുക. 470 പുതിയ വിമാനങ്ങൾ വാങ്ങുമെന്ന് കമ്പനി മാർച്ചിൽ വ്യക്തമാക്കിയിരുന്നു. 7000 കോടി ഡോളറിന്റേതാണ് ഇടപാട്.

# ഡെങ്കിപ്പനി വ്യാപിക്കുന്നു: ഇതുവരെ 25 മരണം

**തിരുവനന്തപുരം:** സംസ്ഥാനത്ത് ആശങ്കയായി ഡെങ്കിപ്പനി വ്യാപനം. പൂർണ ആരോഗ്യമുള്ള ചെറുപ്പക്കാരടക്കം 25 പേരുടെ ജീവനാണ് ഈ മാസം ഡെങ്കിപ്പനി കവർന്നത്. മിക്ക ജില്ലകളിലും ആശുപത്രി കിടക്കകൾ പനിബാധിതരെക്കൊണ്ട് നിറഞ്ഞു. കേരളം പനിച്ചുവിറയ്ക്കുമ്പോഴും കൊതുകു നശീകരണ പ്രവർത്തനങ്ങൾ പേരിനു പോലും നടക്കുന്നില്ല. ശുദ്ധജലത്തിൽ പോലും വളരുന്ന ചെറിയ കൊതുകുകളാണ് ഡങ്കിപ്പനിക്കു കാരണമാകുന്നത്.




ഔദ്യോഗിക കണക്കുകൾ പ്രകാരം ഇതുവരെ 21 മരണം രേഖപ്പെടുത്തി. ഇന്നലെ മരിച്ച 4 പേർ കൂടി ചേരുമ്പോൾ മരണസംഖ്യ 25 ആയി. 1211 പേർക്കാണ് 21 ദിവസത്തിനിടെ ഡെങ്കിപ്പനി സ്ഥിരീകരിച്ചു. 3710 പേർ ഡെങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സയിലുണ്ട്. ജൂലൈയോടെ ഡെങ്കിപ്പനി വ്യാപനം പാരമ്യത്തിലെത്തുമെന്നാണ് ആരോഗ്യ വകുപ്പിന്റെ മുന്നറിയിപ്പ്. എല്ലാ വർഷവും മേയ് മുതൽ ഡെങ്കിപ്പനി കേസുകൾ റിപ്പോർട്ട് ചെയ്യാറുണ്ട്. ഈ വർഷവും ഡെങ്കിപ്പനി ഉണ്ടാകുമെന്ന് അറിയാമായിരുന്നെങ്കിലും തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള കൊതുകു നശീകരണ പ്രവർത്തനങ്ങൾ നാട്ടുകാരെ ബോധിപ്പിക്കാൻ പോലും കണ്ടില്ല. മാലിന്യ നീക്കവും അവതാളത്തിലാണ്.

നേരത്തെ ഒരു ബോധവത്കരണ ശ്രമവും നടത്താതിരുന്ന ആരോഗ്യ വകുപ്പ് പനി പടർന്നു പിടിച്ചതിനു ശേഷമാണ് മാരിയില്ലാ മഴക്കാലമെന്ന ക്യാംപയിനുമായി രംഗത്തിറങ്ങിയത്. ഇന്നലെ മാത്രം പനി ബാധിച്ച് ചികിത്സ തേടിയവരുടെ എണ്ണം 13000 കടന്നു. മിക്ക ജില്ലകളിലും സർക്കാർ ആശുപത്രികൾ രോഗികളെ കൊണ്ട് നിറഞ്ഞു. ഇതോടെ സ്വകാര്യ ആശുപത്രികളോട് പനി ബാധിതർക്കായി കിടക്കകൾ മാറ്റി വയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. നാളെയും ശനി , ഞായർ ദിവസങ്ങളിലും പരിസര ശുചീകരണത്തിനു സർക്കാർ ആഹ്വാനം നൽകിയിട്ടുണ്ട്.

### ഐഐടി ബോംബെയ്ക്ക് നിലേകനിയുടെ 315 കോടി

**മുംബൈ :** ഐഐടി ബോംബെയ്ക്ക് 315 കോടി രൂപ സംഭാവന ചെയ്ത് പൂർവ വിദ്യാർഥിയും ഇൻഫോസിസ് സഹസ്ഥാപകനും നോൺ എക്സിക്യൂട്ടീവ് ചെയർമാനുമായ നന്ദൻ നിലേകനി. ഐഐടിയിൽ അദ്ദേഹം വിദ്യാർഥിയായി ചേർന്നതിന്റെ 50 ാം വർഷമാണിത്.

നേരത്തെ 85 കോടി രൂപയും നിലേകനി നൽകിയിരുന്നു.



ഇതു കൂടി ചേർത്താൽ ആകെ സംഭാവന 400 കോടി രൂപയാകും. എൻജിനീയറിങ് മേഖലയിൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കാനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുമാണ് തുക വിനിയോഗിക്കുക.

### ജീവിതച്ചെലവ്: മുംബൈ എട്ടാമത്

**മുംബൈ:** ലോകത്തിലെ ഏറ്റവും ജീവിതച്ചെലവേറിയ നഗരങ്ങളിൽ മുംബൈയ്ക്ക് എട്ടാം സ്ഥാനം. ജൂലിയസ് ബയേഴ്സിന്റെ ലൈഫ്സ്റ്റൈൽ ഇൻഡക്സ് റാങ്കിങ്ങിലാണ് മുംബൈയുടെ സ്ഥാനം 24 ൽ നിന്ന് എട്ടിലേക്ക് ഉയർന്നത്. സ്ഥലത്തിന്റെ വില, ആഡംബര കാറുകൾ, ബിസിനസ് ക്ലാസ് വിമാനങ്ങൾ, ബിസിനസ് സ്കൂളുകൾ, ഹോട്ടലുകളും മറ്റ് ആഡംബര വിനോദകേന്ദ്രങ്ങളും തുടങ്ങി ഒട്ടേറെ ഘടകങ്ങൾ പരിഗണിച്ചാണ് റാങ്കിങ്.

പട്ടികയിൽ ഏഷ്യയാണ് ഏറ്റവും ജീവിതച്ചെലവേറിയ മേഖല. ഹോട്ടൽ സ്യൂട്ട് നിരക്കിൽ 39 ശതമാനവും ബിസിനസ് ക്ലാസ് ടിക്കറ്റ് വിലയിൽ 32 ശതമാനമാണു കഴിഞ്ഞ ഒരു വർഷത്തെ വർധന. സിംഗപ്പൂരാണ് പട്ടികയിൽ ഒന്നാമത്.





# ഐരവൺ പാലം; സ്ഥലമേറ്റെടുക്കൽ തുടങ്ങി; ഓഗസ്റ്റിൽ നിർമാണം

**കോന്നി:** അരുവാപ്പുലംഐരവൺ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഐരവൺ പാലത്തിൻറെ സ്ഥലം ഏറ്റെടുക്കൽ നടപടി തുടങ്ങി. സ്ഥലം അളന്നു തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന ജോലികളാണ് തുടങ്ങിയിരിക്കുന്നതെന്നു കെ.യു. ജനീഷ് കുമാർ എംഎൽഎ അറിയിച്ചു.

ജൂലൈയിൽ പൂർത്തിയാക്കി ഓഗസ്റ്റിൽ പണി തുടങ്ങും. 12.25 കോടി രൂപയുടെ ഭരണാനുമതിയാണ് പാലത്തിനു ലഭിച്ചിരിക്കുന്നത്. പത്തനാപുരം ആസ്ഥാനമായ തോമസ് കൺസ്ട്രക്ഷൻ കമ്പനിക്കാണ് നിർമാണച്ചുമതല.

അരുവാപ്പുലം പഞ്ചായത്തിലെ നാലു വാർഡുകൾ സ്ഥിതി ചെയ്യുന്ന ഐരവൺ പ്രദേശത്തെ ആളുകൾക്കു പഞ്ചായത്ത് ഓഫീസിലോ പ്രാഥമികാരോഗ്യ കേന്ദ്രത്തിലോ ആയുർവേദ, ഹോമിയോ ആശുപത്രികളി ലോ പോകണമെങ്കിൽ കോന്നി പഞ്ചായത്ത് ചുറ്റി കിലോമീറ്ററുകൾ താണ്ടേണ്ട സ്ഥിതിയാണ് നിലവിൽ. എന്നാൽ, പാലം വരുന്നതോടെ ഈ ദുരവസ്ഥ മാറും. അരുവാപ്പുലം പഞ്ചായത്തിനെ അച്ചൻകോവിലാറ് രണ്ട് കരകളായി വേർതിരിക്കുകയാണ്. ഇരുകരകളിലുമുള്ളവർ പരസ്പരം കാണണമെങ്കിൽ കോന്നി പഞ്ചായത്ത് ചുറ്റി എത്തിച്ചേരേണ്ട സ്ഥിതിയാണ്.

പതിറ്റാണ്ടുകളായി ജനങ്ങളുടെ ആവശ്യമാണ് പാലം. എംഎൽഎ നടത്തിയ നിരന്തര ഇടപെടലിനെ തുടർന്നാണ് പാലത്തിനു സർക്കാർ അനുമതി ലഭിച്ചത്. അരുവാപ്പുലം, ഐരവൺ വില്ലേജുകളെ പാലം വഴി ബന്ധിപ്പിക്കുമ്പോൾ രണ്ടായിനിന്ന പഞ്ചായത്ത് പ്രദേശം ഒന്നായി മാറും. ഐരവൺ ഭാഗത്തുനിന്നു ജനങ്ങൾക്കു കോന്നി ചുറ്റാതെ യാത്ര ചെയ്യാം.

അരുവാപ്പുലം നിവാസികൾക്കു വേഗത്തിൽ കോന്നി മെഡിക്കൽ കോളജിലെത്താനും പാലം ഉപകരിക്കും. അച്ചൻകോവിൽ പ്ലാപ്പള്ളി റോഡിൽനിന്നുമാണ് പാലം ഐരവൺ കരയുമായി ബന്ധിപ്പിക്കുന്നത്. പാലം വരുന്നതോടെ കൊല്ലം ജില്ലയിൽനിന്നുള്ളവർക്കു കോന്നിയിൽ എത്താതെ അച്ചൻകോവിൽ റോഡുവഴി കോന്നി മെഡിക്കൽ കോളജിലേക്കും പാത തുറക്കും.

തെങ്കാശി ജില്ലയിലുള്ളവർ മധുര മെഡിക്കൽ കോളജിനെയാണ് ചികിത്സയ്ക്കായി ആശ്രയിക്കുന്നത്. ഇതിന് 150 കിലോമീറ്റർ ദൂരം വരും. ഐരവൺ പാലം യാഥാർഥ്യമാകുന്നതോടെ തെങ്കാശി ജില്ലക്കാർക്കു പകുതി ദൂരം യാത്ര ചെയ്താൽ കോന്നി മെഡിക്കൽ കോളജിലേക്ക് എത്താനാകും.

മെഡിക്കൽ കോളജ് പൂർണസജ്ജമാകുന്പോൾ കോന്നിയിൽ ഉണ്ടാകാൻ സാധ്യതയുള്ള ഗതാഗതക്കുരുക്കിനും ഇതോടെ പരിഹാരമാകും. നിലവിലെ സാഹചര്യത്തിന് അനുസൃതമായി കരാർ കമ്പനി 22 ശതമാനം അധികത്തുക ആവശ്യപ്പെട്ടു സർക്കാരിനെ സമീപിച്ചിട്ടുണ്ട്. അന്തിമ അനുമതി ലഭിച്ചാൽ ഉടൻ നിർമാണം ആരംഭിക്കുമെന്നും എംഎൽഎ അറിയിച്ചു.

## ഐ ടി ഐ കോഴ്സുകൾ ആധുനികവത്കരിക്കുതിന് കമ്മിറ്റി രൂപവൽക്കരിക്കും: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഐ.ടി.ഐകളിൽ ആധുനിക കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ കമ്മിറ്റി രൂപവൽക്കരിക്കുമെന്ന് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി വി ശിവൻകുട്ടി. വ്യാവസായിക പരിശീലന വകുപ്പിന്റെ അവാർഡ് ദാനവും വികസനരേഖാ പ്രകാശനവും ധ്വജ ക്ലബ്ബുകളുടെ സംസ്ഥാനതല ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

പഠനത്തോടൊപ്പം തൊഴിൽ നൽകുന്ന പദ്ധതിയായ കർമചാരി മാതൃകയിൽ പദ്ധതി ഐ.ടി.ഐകളിൽ നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു. ഐ.ടി.ഐ ട്രെയിനികളിൽ പുത്തൻ ആശയം കൊണ്ടുവരുന്നതിനും പ്രവൃത്തി പഥത്തിലേയ്ക്ക് എത്തിക്കുന്നതിനുമായാണ് ഓരോ ഐ.ടി.ഐയിലും കെഡിസ്കിന്റെ സഹകരണത്തോടെ വൈ.ഐ.പി അഥവാ യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം ക്ലബ് ആരംഭിക്കുന്നത്.

യുടെ മുൻനിര ഇന്നവേഷൻ പരിപാടിയായ വൈ.ഐ.പിയിലൂടെ സർക്കാർ സ്കൂളുകൾ, കോളേജുകൾ, നോൺ ടെക്നിക്കൽ ആൻഡ് പോളിടെക്നിക്, എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംഗ് തുടങ്ങിയ വകുപ്പുകളുടെ പങ്കാളിത്തവും സ്കൂളുകളിലും കോളേജുകളിലും നൂതന സംസ്കാരം വളർത്തുന്നതിനും അധ്യാപകർക്ക് ചുമതലയും ഉത്തരവാദിത്തവും കൂടുതലായി നൽകുവാനും പട്ടികജാതി പട്ടികവർഗക്കാർ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങളിൽ നിന്നുള്ളവരുടെ പങ്കാളിത്തം വർധിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

കൃഷി, വനം, സസ്യശാസ്ത്രം, മൃഗസംരക്ഷണം, ജലസംരക്ഷണം, പരമ്പരാഗത വ്യവസായം, കുട്ടികളുടെ പ്രശ്നങ്ങൾ, പ്രായമായവരുടെ പ്രശ്നങ്ങൾ, ദുരന്ത നിവാരണം, മഹാമാരി അനന്തര ഇന്നവേഷനുകൾ തുടങ്ങി 22 പ്രസക്തമായ വിഷയങ്ങളിലാണ് വൈ.ഐ.പി ശ്രദ്ധയൂന്നുന്നത്.

സ്വന്തമായി സ്ഥലമുള്ള ഐ.ടി.ഐകളിൽ അടുത്ത മൂന്ന് വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ രൂപരേഖ ബന്ധപ്പെട്ട ഐ.ടി.ഐകളിലെ പ്രിൻസിപ്പാൾ, ജീവനക്കാർ, പി.റ്റി.എ എന്നിവരുടെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. വികസനരേഖ തയ്യാറാക്കിയതിലൂടെ ഭാവിയിൽ ഐ.ടി.ഐകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾക്കനുസൃതമായി ബഡ്ജറ്റിൽ തുക വകയിരുത്തുന്നതിനും ഈ തുക ലഭ്യമാക്കി സമയബന്ധിതമായി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സാധിക്കും. ഐ.ടി.ഐകളുടെ മാസ്റ്റർ പ്ലാൻ നിലവിൽ വകുപ്പിന്റെ ഐ.ടി. സെല്ലിന്റെ നേതൃത്വത്തിൽ വികസിപ്പിച്ച സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഐ.ടി.ഐകളിൽ മികച്ച പരിശീലനം ഉറപ്പാക്കുന്നതിനും, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യം വെയ്ക്കുന്ന പദ്ധതിയാണ് ഗ്രേഡിംഗ് ഓഫ് ഐ.ടി.ഐ. ഗ്രേഡിംഗ് ഓഫ് ഐ.ടി.ഐ പദ്ധതി പ്രകാരം ഐ.ടി.ഐകൾക്ക് ഈ ഗ്രേഡിനനുസരിച്ച് 1 മുതൽ 5 വരെ സ്റ്റാർ പദവി ലഭിക്കുന്നതുമാണ്.

# കൊച്ചി നഗരത്തിലെ പാർക്കിംഗ്; ഇനി ചെലവേറും

**കൊച്ചി:** നഗരത്തിലെ വാഹന പാർക്കിംഗിന് ഇനി ചെലവേറും. പ്രധാന പാർക്കിംഗ് മേഖലകൾ നിരക്കുകൾ കുത്തനെ വർധിപ്പിച്ചു. പ്രധാന പാർക്കിംഗ് ഇടമായ ദർബാർ ഹാൾ ഗ്രൗണ്ടിൽ മൂന്നിരട്ടിയാണ് ഫീസ് വർധിപ്പിച്ചത്. ഡിടിപിസിയുടെ പാർക്കിംഗ് മേഖലയിലെല്ലാം നിരക്ക് വർധനവ് വന്നിട്ടുണ്ട്. ജിസിഡിഎയുടെയും കോർപറേഷൻറെയും പാർക്കിംഗ് മേഖലകളിലും നിർക്ക് വർധനവ് ആലോചിക്കുന്നുണ്ടെന്നാണ് വിവരം. കെഎംആർഎല്ലിൻറെ പാർക്കിംഗ് ഫീസ് നിരക്ക് നേരത്തെ വർധിപ്പിച്ചിരുന്നു.



നഗരത്തിനുള്ളിലെ കുറഞ്ഞ പാർക്കിംഗ് ഫീസ് ഈടാക്കുന്ന സ്ഥലങ്ങളിലൊന്നായിരുന്നു എറണാകുളം ഡർബാർ ഹാൾ ഗ്രൗണ്ട്. ഇവിടെയാണ് ഡിടിപിസി നിരക്ക് മൂന്നിരട്ടിയോളം വർധിപ്പിച്ചത്.

ബൈക്കിന് മണിക്കൂറിന് 10 എന്നത് 20 രൂപയാക്കി. ഒരു മണിക്കൂറിനും 10 രൂപ വീതം നൽകുകയും വേണം. ഒരുമാസത്തേക്കുള്ള ചാർജ് മുൻകൂറായി നൽകാനും സൗകര്യമുണ്ട്. 500 രൂപയാണ് പുതുക്കിയ നിരക്ക്. ഓട്ടോറിക്ഷ നിരക്കിലും വർധനവുണ്ട്. 20 എന്നത് 30 രൂപയാക്കിയാണ് വർധിച്ചിരിക്കുന്നത്. അധികം വരുന്ന ഓരോ മണിക്കൂറിനും 30 രൂപ വീതം നൽകണം. 1000 രൂപയാണ് ഒരു മാസത്തേക്കുള്ള ചാർജ്. കാർ പാർക്കിംഗിനും ഇതേ നിരക്ക് തന്നെയാണെങ്കിലും ഒരുമാസത്തേക്കുള്ള നിരക്ക് മൂന്നിരട്ടിയാക്കി. നേരത്തെ ആയിരം രൂപ ആയിരുന്നത് ഇപ്പോൾ 3000 രൂപയാക്കിയാണ് വർധിപ്പിച്ചത്.

ട്രാവലർ പാർക്ക് ചെയ്യുന്നതിന് മണിക്കൂറിന് 80 രൂപയും ബസുകൾക്ക് മണിക്കൂറിന് 120 രൂപയുമാണ് പുതുക്കിയ നിരക്ക്. മിനിബസ്, വാൻ എന്നിവയ്ക്ക് 80 രൂപയും ഓരോ മണിക്കൂറിനും നൽകണം. ഈ മൂന്നു വിഭാഗങ്ങളിലും ഒരുമാസത്തെ പാർക്കിംഗ് 3000 രൂപയാണ് പുതുക്കിയ നിരക്ക്. ജൂൺ ഒന്നു മുതലാണ് പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വന്നത്.

അടുത്തിടെയാണ് ഗ്രൗണ്ടിലെ അറ്റകുറ്റപ്പണികൾ തീർത്ത് നവീകരിച്ചത്. ഇതിൻറെ ഭാഗമായിട്ടാണ് നിരക്ക് പരിഷ്കരണവും. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൻറെ (ഡിടിപിസി) നിയന്ത്രണത്തിലാണ് ഡർബാർ ഹാൾ ഗ്രൗണ്ട്. പാർക്കിംഗ് ചുമതല കുടുംബശ്രീയ്ക്കാണ്. കഴിഞ്ഞ മാസം ചേർന്ന ഡിടിപിസി കമ്മിറ്റി യോഗമാണ് നിരക്ക് പുതുക്കാൻ തീരുമാനിച്ചത്. പരാതികളെ തുടർന്ന് അടുത്ത കൗൺസിൽ യോഗം ഇക്കാര്യം ചർച്ച ചെയ്യുന്നുണ്ട്.

മെട്രോ സ്റ്റേഷനുകളോട് ചേർന്നുള്ള പാർക്കിംഗിന് കോവിഡ് കാലത്ത് ഇളവ് നൽകിയിരുന്ന നിരക്ക് കഴിഞ്ഞിടെയാണ് കെഎംആർഎൽ വർധിപ്പിച്ചത്. ഇതേത്തുടർന്ന് നാലു ചക്രവാഹനങ്ങൾക്ക് പാർക്കിംഗ് ഫീസ് 15 രൂപയാക്കി വർധിപ്പിച്ചു. നേരത്തെ 10 രൂപയായിരുന്നു. മെട്രോ യാത്രക്കാരല്ലെങ്കിൽ 35 രൂപ ആദ്യ രണ്ടുമണിക്കൂറുകൾക്ക് നൽകണം.

ഇരുചക്രവാഹനക്കാരായ മെട്രോ യാത്രക്കാർക്ക് അഞ്ചുരൂപയും അല്ലാത്തവർക്ക് 20 രൂപയുമാണ് പാർക്കിംഗ് നിരക്ക്. കെഎംആർഎൽ അംഗീകരിച്ച നിരക്ക് ഇതാണെങ്കിലും മിക്കയിടങ്ങളിലും കരാറുകാർ വാങ്ങുന്നത് അഞ്ചു രൂപ കൂട്ടിയാണ്. അതേസമയം ജിസിഡിഎയുടെയും കോർപറേഷൻറെയും പാർക്കിംഗ് ഇടങ്ങളിൽ നിരക്ക് വർധിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ട്.

ജിസിഡിഎയുടെ ഉടമസ്ഥതയിലുള്ള മറൈൻഡ്രൈവ് പാർക്കിംഗ് ഏരിയയിൽ ആദ്യ രണ്ടുമണിക്കൂറിന് ബൈക്കിന് 10 രൂപയും കാറിന് 40 രൂപയുമാണ് നിരക്ക്. ബസ് പാർക്ക് ചെയ്യാൻ 225 രൂപയും ട്രാവലർ പാർക്ക് ചെയ്യാൻ 175 രൂപയും നൽകണം. 12 മണിക്കൂറാണ് സമയം അനുവദിച്ചിരിക്കുന്നത്. സ്റ്റേഡിയം ഗ്രൗണ്ടിൽ രണ്ടു മണിക്കൂർ പാർക്കിംഗിന് ബൈക്കിന് 10 രൂപയും കാറിന് 20 രൂപയും നൽകണം.

# കേരളത്തിലും വിജയിച്ച് കുങ്കുമക്കൃഷി

# കിലോയ്ക്ക് 3 ലക്ഷം രൂപ

**ഹെ**ക്ടറിന് 3 മുതൽ 5 കിലോ വരെ മാത്രം വിളവു നൽകുന്ന ഒരു വിള ആരെങ്കിലും കൃഷി ചെയ്യുമോ? ചെയ്യും, കാരണം കപ്പയും കാച്ചിലുമല്ല, കുങ്കുമമാണ് വിള. ലോകത്തിലെ ഏറ്റവും വിലയേറിയ സുഗന്ധവ്യഞ്ജനം! കിലോയ്ക്ക് രണ്ടര മുതൽ മൂന്നു ലക്ഷം രൂപവരെ വിലയുള്ള കാർഷികോൽപന്നം ഹെക്ടറിന് 15 ലക്ഷം രൂപവരെ വരുമാനം!

ഹെക്ടറിന് 3 മുതൽ 5 കിലോ വരെ മാത്രം വിളവു നൽകുന്ന ഒരു വിള ആരെങ്കിലും കൃഷി ചെയ്യുമോ? ചെയ്യും, കാരണം കപ്പയും കാച്ചിലുമല്ല, കുങ്കുമമാണ് വിള. ലോകത്തിലെ ഏറ്റവും വിലയേറിയ സുഗന്ധവ്യഞ്ജനം! കിലോയ്ക്ക് രണ്ടര മുതൽ മൂന്നു ലക്ഷം രൂപവരെ വിലയുള്ള കാർഷികോൽപന്നം! ഹെക്ടറിന് 15 ലക്ഷം രൂപവരെ വരുമാനം!

രാജ്യത്തെ ഒരു വർഷത്തെ കുങ്കുമ ഉപഭോഗം എത്രയെന്നോ? 100 മെട്രിക് ടൺ. നമ്മുടെ വാർഷിക ഉൽപാദനമോ, വെറും 8, 10 മെട്രിക് ടൺ. ഇറക്കുമതിയുള്ളതുകൊണ്ട് മാത്രം നമ്മുടെ സുന്ദരികളും സുന്ദരന്മാരും ഒരു വിധം പിടിച്ചു നിൽക്കുന്നു.

അങ്ങനെയെങ്കിൽ കശ്മീരിൽ വിളയുന്ന കുങ്കുമം കേരളത്തിൽ കൃഷി ചെയ്താലോ? തമാശയല്ല, സംഗതി നടക്കും. ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പ്രദേശങ്ങൾ കുങ്കുമക്കൃഷിക്കു യോജ്യമെന്നു പഠനങ്ങളിൽ തെളിഞ്ഞു കഴിഞ്ഞു. തീർന്നില്ല, പരീക്ഷണാടിസ്ഥാനത്തിൽ കുങ്കുമം കൃഷി ചെയ്യുകയും പൂവിടുകയും ചെയ്തിരിക്കുന്നു.

കേരളത്തിന്റെ മിനി കശ്മീരായ കാന്തല്ലൂർ പെരുമലയിലും വട്ടവട പഴത്തോട്ടത്തും ഇക്കഴിഞ്ഞ വർഷമാണ് ശാന്തൻപാറ കൃഷിവിജ്ഞാനകേന്ദ്രം കുങ്കുമത്തിന്റെ പരീക്ഷണക്കൃഷിക്ക് തുടക്കമിട്ടത്.

ഈ പ്രദേശങ്ങളുടെ കൃഷിയോജ്യത, വിളയുന്ന കുങ്കുമപ്പൂവിന്റെ രൂപഘടന, വിളവിന്റെ തോത്, ഗുണനിലവാരം എന്നിവയെല്ലാം വിലയിരുത്തിയുള്ള പരീക്ഷണം ഇതുവരെയും തികഞ്ഞ പ്രതീക്ഷയാണ് നൽകുന്നതെന്ന് കൃഷിക്കു നേതൃത്വം നൽകുന്ന കൃഷിവിജ്ഞാന കേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ് സുധാകർ സൗന്ധരാജൻ പറയുന്നു.

കുങ്കുമത്തിന്റെ കൃഷിരീതി ലളിതമാണ്. കിഴങ്ങുകളാണ് നടീൽവസ്തു. നിലം തയാറാക്കി 12 സെ.മീറ്റർ അകലം കണക്കാക്കി 15 സെ.മീറ്റർ ആഴത്തിൽ കുഴിയെടുത്തു കിഴങ്ങു നട്ടാൽ മതി. എന്നാൽ, പൂക്കളുടെ ഉൽപാദനം, വിളവെടുപ്പിന്റെ ഇടവേള, തുടർക്കൃഷിക്കുള്ള പിള്ളക്കിഴങ്ങുകളുടെ ഉൽപാദനം, പൂവിടൽ കഴിഞ്ഞ കിഴങ്ങുകളുടെ നിദ്രാവസ്ഥ എന്നിങ്ങനെ ഓരോ ഘട്ടത്തെ യും നിയന്ത്രിക്കുന്ന കാലാവസ്ഥാഭേദങ്ങൾ ഒത്തു കിട്ടണം. കിഴങ്ങു നട്ട് 20 ദിവസം മുതൽ പൂവിട്ടു തുടങ്ങും. എങ്കിലും നട്ട് ഒന്നര രണ്ടു വർഷം പിന്നിടുന്നതോടെയാണ് മികച്ച വരുമാനം നൽകുന്ന തോതിൽ പൂക്കൾ ലഭിച്ചു തുടങ്ങുക. ഒരു കിഴങ്ങിൽ നിന്ന് ശരാശരി 3 പൂക്കൾ ലഭിക്കും. ഒരു സീസൺ വിളവെടുപ്പിനു ശേഷം ചെടിയുടെ കിഴങ്ങുകൾ നിദ്രാവസ്ഥയിലേക്ക് പോകും. 4 മാസം ഇടവേളയ്ക്കു ശേഷം വീണ്ടും പൂക്കാലം.

കിഴങ്ങുൽപാദനമാണ് കൃഷിയിലെ വലിയ കടമ്പയെന്നു സുധാകർ. തുടർക്കൃഷിക്കുള്ള പിള്ളക്കിഴങ്ങുകൾ അനുയോജ്യ കാലാവസ്ഥയിൽ മാത്രമാണ് ഉൽപാദിപ്പിക്കപ്പെടുക. ഇടുക്കിയിൽ നടത്തിയ പരീക്ഷണത്തിൽ ചിന്നക്കനാൽ, കാന്തല്ലൂർ, വട്ടവട പ്രദേശങ്ങളാണ് കൃഷിക്കു തിരഞ്ഞെടുത്തത്. ഇതിൽ ചിന്നക്കനാലിലെ പരീക്ഷണം അത്ര വിജയമായിരുന്നില്ല. പൂക്കൾ വിരിഞ്ഞത് കാന്തല്ലൂരിലെ കൃഷിയിടത്തിലാണ്. അതേസമയം പിള്ളക്കിഴങ്ങുകളുടെ ഉൽപാദനത്തിന് വട്ടവട യോജ്യമെന്നും കണ്ടു. ഇതിന്റെ അടിസ്ഥാനത്തിൽ പൂവിനു വേണ്ടിയുള്ള





കൃഷി കാന്തല്ലൂരിലും കിഴങ്ങുൽപാദനം വട്ടവടയിലും കേന്ദ്രീകരിക്കും.

പരീക്ഷണക്കൃഷിക്ക് ആവശ്യമായ കിഴങ്ങുകൾ കശ്മീർ പാംപോറിലുള്ള കുങ്കുമ ഗവേഷണകേന്ദ്രത്തിൽനിന്നാണ് കെവികെ ശേഖരിച്ചത്. ഇവിടെനിന്ന് കൃഷിരീതികളിൽ സുധാകർ പരിശീലനവും നേടി. 10,15 ഗ്രാം മാത്രം തൂക്കം വരുന്നതാണ് കുങ്കുമപ്പൂക്കിഴങ്ങുകൾ. ഇവ പ്രോട്രേയിൽ നട്ട് കിളിർപ്പു വരുന്നതുവരെ 30 ദിവസം പരിചരിച്ചു. ഈ രീതിയിൽ 400 കിഴങ്ങുകളാണ് മുളപ്പിച്ചെടുത്തത്. നന്നായി ഉഴുതു മറിച്ച്, കുമ്മായവും ജൈവവളങ്ങളും നൽകി ഒരുക്കിയ കൃഷിയിടത്തിൽ നട്ടു.

പരീക്ഷണത്തിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ കാന്തല്ലൂരിൽനിന്ന് നൂറോളം പൂക്കൾ ലഭിച്ചു. അപ്രതീക്ഷിതമായുണ്ടായ കാലാവസ്ഥമാറ്റം ചെറിയ തടസ്സം സൃഷ്ടിച്ചെങ്കിലും ഇതുവരെയുള്ള പരീക്ഷണങ്ങൾ മികച്ച ഫലം നൽകുന്നുവെന്ന് സുധാകർ. വരും സീസണുകളിൽ കൂടുതൽ നടീൽവസ്തുക്കൾ ഉൽപാദിപ്പിക്കാനും കർഷകർക്കു ലഭ്യമാക്കാനുമുള്ള ശ്രമത്തിലാണ് കെവികെ.

തുറസ്സായ കൃഷിയിടത്തിൽ മാത്രമല്ല, പോളിഹൗസ് പോലെ നിയന്ത്രിത സാഹചര്യങ്ങളൊരുക്കിയ കൃഷിയിടങ്ങളിലും കുങ്കുമക്കൃഷി പരീക്ഷിക്കുന്നുണ്ട് കെവികെ. 300 ചതുരശ്രയടി വിസ്തൃതിയിൽ ഒരുക്കുന്ന ഇത്തരം കൃഷിയിടത്തിൽനിന്ന് 2,3 വർഷം കൊണ്ട് ഒരു കിലോ പൂക്കൾ ഉൽപാദിപ്പിക്കാമെന്നാണ് കണക്കുകൂട്ടൽ. ഈ രീതിയിലുള്ള കൃഷിക്ക് ഏതാണ്ട് 5 ലക്ഷം രൂപ മുടക്കുണ്ട്.

ഇന്ത്യയ്ക്കു പുറമേ ചൈന, ഇറാൻ, ഇറാക്ക്, ഇസ്രയേൽ, ഈജിപ്ത്, ഗ്രീസ്, അഫ്ഗാനിസ്ഥാൻ തുടങ്ങി ഒട്ടേറെ രാജ്യങ്ങളിൽ കുങ്കുമം കൃഷി ചെയ്യുന്നുണ്ട്. ആഗോളതലത്തിൽ വാർഷിക കുങ്കുമ ഉൽപാദനം 300 മെട്രിക് ടൺ എന്നാണ് കണക്ക്. അതിന്റെ 90 ശതമാനവും ഇറാന്റെ സംഭാവനയാണ്. മൂന്നര നൂറ്റാണ്ടു മുൻപ് ഗ്രീസിൽനിന്നാണ് കുങ്കുമക്കൃഷി കശ്മീരിലെത്തിയതെന്നു പറയുന്നു. എല്ലായിടത്തും വിളയുന്ന കുങ്കുമപ്പൂവിന് ഒരേ ഗുണനിലവാരമല്ല ഉള്ളത്. കൃഷി ചെയ്യുന്ന പ്രദേശങ്ങളിലെ പാരിസ്ഥിതിക സാഹചര്യങ്ങൾക്കനുസരിച്ച് പൂവിന്റെ ഗുണമേന്മ വ്യത്യാസപ്പെടും. അതനുസരിച്ച് വിപണിമൂല്യവും ഏറിയും കുറഞ്ഞും നിൽക്കും. കശ്മീരിലെ പാം പോറിൽനിന്നുള്ള കുങ്കുമത്തിനാണ് വിപണിയിൽ ഏറ്റവുമധികം മൂല്യം.

വാസ്തവത്തിൽ പൂവല്ല, പൂവിന്റെ പെൺഭാഗമായ ശേഴാമയും അതിനോടു ചേർന്ന styleഉം ഉണക്കിയെടുക്കുന്നതാണ് കുങ്കുമപ്പൂവ് എന്ന സുഗന്ധവ്യഞ്ജനം. 275, 285 പൂക്കളിൽനിന്നാണ് ഒരു ഗ്രാം കുങ്കുമം ലഭിക്കുക. ഏതാണ്ട് രണ്ടേമുക്കാൽ ലക്ഷം പൂക്കളിൽനിന്നാണ് ഒരു കിലോ കുങ്കുമം ലഭിക്കുന്നത്. കശ്മീരിൽ പാംപോർ, സാംപോർ, ചന്ദാര തുടങ്ങിയ പ്രദേശങ്ങളിലായി 2500 ഹെക്ടറോളം സ്ഥലത്തു കൃഷിയുണ്ട്. ഹിമാചൽ പ്രദേശിലും ചെറിയ തോതിലുണ്ട്. ലോകത്ത് മൂന്നിനം കുങ്കുമപ്പൂവാണ് കൃഷി ചെയ്യുന്നത്; അകില്ല, ക്രീം, ലച്ച. കശ്മീരിൽ കൃഷി ചെയ്യുന്നത് ലച്ച ഇനമാണ്.



# ‘ഇന്ത്യയുടെ ആഹ്വാനത്തിൽ 180 രാജ്യങ്ങൾ’; യുഎന്നിൽ യോഗയ്ക്ക് നേതൃത്വം നൽകി മോദി

**യുണൈറ്റഡ് നേഷൻസ്:** സാർവത്രികമായ, പേറ്റന്റുകളിൽനിന്നും കോപ്പിറൈറ്റുകളിൽനിന്നും സ്വതന്ത്രമായ ഒന്നാണ് യോഗയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുഎൻ ആസ്ഥാനത്ത് ഒൻപതാമത് രാജ്യാന്തര യോഗദിനപരിപാടികൾക്ക് നേതൃത്വം നൽകി സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗ എന്നാൽ ഒത്തുചേരലാണ്. യുഎൻ ആസ്ഥാനത്തെ നോർത്ത് ലോണിൽ മഹാത്മാ ഗാന്ധിയുടെ പ്രതിമയിൽ നരേന്ദ്ര മോദി പുഷ്പാർച്ചന നടത്തിയശേഷമാണ് അദ്ദേഹം പരിപാടിക്ക് എത്തിയത്.



വെള്ള യോഗ ടീ ഷർട്ടും പാന്റും അണിഞ്ഞെത്തിയ നരേന്ദ്ര മോദി, ’നമസ്തെ’ എന്നു അഭിസംബോധന ചെയ്താണ് പ്രസംഗം ആരംഭിച്ചത്. യോഗ അഭ്യസിക്കാനെത്തിയവർക്ക് അദ്ദേഹം നന്ദിയും അറിയിച്ചു. മഞ്ഞ യോഗാ മാറ്റ് വിരിച്ച് നൂറുകണക്കിനുപേരാണ് ചടങ്ങിൽ പങ്കെടുത്തത്.. നോർത്ത് ലോണിൽ ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചും പാരമ്പര്യത്തെക്കുറിച്ചും വ്യക്തമാക്കുന്ന വിഡിയോകൾ എൽഇഡി സ്ക്രീനിൽ പ്രദർശിപ്പിച്ചിരുന്നു.

“ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള നിരവധി ആളുകളാണ് ഇവിടെ എത്തിയിരിക്കുന്നത്. ഇന്ത്യയിലെ പരമ്പരാഗത രീതിയാണ് യോഗ. ലോകം യോഗയ്ക്കായി ഒന്നാകുന്നത് കാണുന്നതിൽ സന്തോഷമുണ്ട്. ലോകത്തെവിടെയും ഏതു പ്രായത്തിലുള്ളവർക്കും ആരോഗ്യസ്ഥിതിയുള്ളവർക്കും യോഗ ഏറ്റെടുക്കാനാകും. ലോകത്തെമ്പാടുനിന്നുള്ളവരുടെ സംഗമം ആണ് ഇന്ന് ഇവിടെ. യോഗ എന്നാൽ ഒത്തുചേരലാണ്. 2023 എന്ന വർഷം രാജ്യാന്തര തലത്തിൽ ധാന്യങ്ങളുടെ ദിനമായി ആചരിക്കണമെന്ന ഇന്ത്യയുടെ അഭ്യർഥന ലോകം ഏറ്റെടുത്തിരുന്നു. യോഗയ്ക്കായും ലോകം ഒത്തുചേരുന്നതിൽ സന്തോഷമുണ്ട്.” മോദി പറഞ്ഞു.

ഐക്യരാഷ്ട്ര സംഘടന ജനറൽ അസംബ്ലി പ്രസിഡന്റ് സിസബ കൊറോസി, ഹോളിവുഡ് നടൻ റിച്ചാർഡ് ഗെരെ, ന്യൂയോർക്ക് മേയർ എറിക് ആദംസ്, ഐക്യരാഷ്ട്ര സംഘടന ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ആമിന ജെ.മുഹമ്മദ് തുടങ്ങിയ നിരവധി പ്രമുഖർ നരേന്ദ്രമോദിയൊടൊപ്പം യോഗ അഭ്യസിച്ചു. 180ൽ അധികം രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തത്.

“ഒൻപതു വർഷങ്ങൾക്കുമുൻപ്, രാജ്യാന്തര തലത്തിൽ യോഗാദിനം ആചരിക്കാൻ ജൂൺ 21 തിരഞ്ഞെടുക്കണമെന്ന് പറയാൻ എനിക്ക് അവസരമുണ്ടായി. അന്നത്തെ ആ ആശയത്തെ മുഴുവൻ ലോകവും പിന്താങ്ങി ഇവിടെയെത്തി. ഇന്ത്യയുടെ പാരമ്പര്യമാണ് യോഗ. ഏതുപ്രായക്കാർക്കും യോഗ അഭ്യസിക്കാം, അതിൽ ജെൻഡർ ഇല്ല ഫിറ്റ്നസ് ലെവൽ ഇല്ല. സാർവത്രികമായ ഒന്നാണത്. യോഗ ജീവിതത്തിന്റെ ഒരു വഴിയാണ്. സ്വയവും മറ്റുള്ളവരുമായും പ്രകൃതിയുമായും ഒത്തൊരുമിച്ച് ജീവിക്കുന്നതിന്റെ മാർഗമാണത്” അദ്ദേഹം കൂട്ടിച്ചേർത്തു.

“ഇന്ത്യയുടെ ആഹ്വാനത്തിൽ 180 ലധികം രാജ്യങ്ങൾ ഒത്തുചേരുന്നത് ചരിത്രപരവും മുൻപെങ്ങും ഉണ്ടാകാത്തതുമാണ്” എന്ന് പ്രധാനമന്ത്രി രാജ്യാന്തര യോഗാദിന സന്ദേശത്തിൽ പറഞ്ഞിരുന്നു.






## നരേന്ദ്ര മോദി നയിച്ചു; ഗിന്നസ് റെക്കോർഡ് സ്വന്തമാക്കി യുഎന്നിലെ യോഗ

**ന്യൂയോർക്ക്:** യുഎൻ ആസ്ഥാനത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി നയിച്ച യോഗ അഭ്യാസച്ചടങ്ങിന് ഗിന്നസ് റെക്കോർഡ്. ഒരു യോഗ അഭ്യാസത്തിൽ, ഏറ്റവുമധികം രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തതിനാണ് റെക്കോർഡ്. ഒൻപതാമത് രാജ്യാന്തര യോഗദിന സമ്മേളനത്തിന്റെ ഭാഗമായാണ് യുഎസ് ആസ്ഥാനത്ത് മോദി, യോഗയ്ക്ക് നേതൃത്വം നൽകിയത്.

180ൽ അധികം രാജ്യങ്ങളിൽനിന്നുള്ളവരാണ് യോഗ അഭ്യാസത്തിന്റെ ഭാഗമായത്. ഐക്യരാഷ്ട്ര സംഘടന പൊതുസഭ പ്രസിഡന്റ് സിസബ കൊറോസി, ഹോളിവുഡ് നടൻ റിച്ചാർഡ് ഗെരെ, ന്യൂയോർക്ക് മേയർ എറിക് ആദംസ്, യുഎൻ ഡപ്യൂട്ടി സെക്രട്ടറി ജനറൽ ആമിന ജെ.മുഹമ്മദ് തുടങ്ങിയ നിരവധി പ്രമുഖർ മോദിയൊടൊപ്പം യോഗ അഭ്യസിച്ചിരുന്നു



# നഗര ദാരിദ്ര്യ നിർമാർജനത്തിന് നൂതന സമീപനങ്ങൾ; ദ്വിദിന ദേശീയ ശിൽപശാല 23ന്

**കൊച്ചി:** 'നഗര ദാരിദ്ര്യ നിർമാർജനത്തിന് നൂതന സമീപനങ്ങൾ' എന്ന വിഷയത്തെ അധികരിച്ച് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയവും കുടുംബശ്രീയും സംയുക്തമായി സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ ശിൽപശാല എറണാകുളം അങ്കമാലി അഡ്‌ലക്സ് കൺവൻഷൻ സെൻററിൽ ജൂൺ 23, 24 തീയതികളിൽ നടക്കും. ജൂൺ 23ന് രാവിലെ 10ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് ശിൽപശാലയുടെ ഉദ്ഘാടനവും പദ്ധതി സംബന്ധിച്ച മുഖ്യപ്രഭാഷണവും നിർവഹിക്കും. നഗരദരിദ്രരുടെ ജീവിത പുരോഗതി ലക്ഷ്യമിട്ടു കൊണ്ട് കുടുംബശ്രീ മുഖേന സംസ്ഥാനത്ത് 2015 മുതൽ വിജയകരമായി നടപ്പാക്കി വരുന്ന പദ്ധതിയാണ് ദേശീയ നഗര ഉപജീവന ദൗത്യം. പദ്ധതിയുടെ ഒന്നാം ഘട്ടം അവസാനിക്കുന്നതിനെ തുടർന്ന് രണ്ടാം ഘട്ടത്തിനുള്ള മാർഗനിർദേശങ്ങൾ രൂപപ്പെടുത്തുന്നതിൻറെ ഭാഗമായാണ് ദേശീയതലത്തിൽ ശിൽപശാല സംഘടിപ്പിക്കുന്നത്. കേരളം ഉൾപ്പെടെ എൻ.യു.എൽ.എം പദ്ധതി നടപ്പാക്കുന്ന സംസ്ഥാനങ്ങൾ, കേന്ദ്ര ഭരണ പ്രദേശങ്ങൾ എന്നിവിടങ്ങളിലെ മികച്ച മാതൃകകൾ പരസ്പരം അറിയുന്നതിനും മനസിലാക്കുന്നതിനുമുള്ള മികച്ച വേദിയായി ശിൽപശാലയെ മാറ്റുക എന്നതാണ് ലക്ഷ്യം. ഓരോ സംസ്ഥാനത്തും കേന്ദ്രഭരണ പ്രദേശത്തും നഗരമേഖലയിൽ ദാരിദ്ര്യ നിർമാർജനം ലക്ഷ്യമിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ഫീൽഡ്തല യാഥാർത്ഥ്യങ്ങൾ, സങ്കീർണതകൾ, വെല്ലുവിളികൾ എന്നിവയും പരസ്പരം മനസിലാക്കാൻ ശിലപശാലയിലൂടെ അവസരമൊരുക്കും. ദേശീയ നഗര ഉപജീവന ദൗത്യംപദ്ധതി ദേശീയതലത്തിൽ മികച്ച രീതിയിൽ നടപ്പാക്കിയ സംസ്ഥാനങ്ങൾക്കുള്ള പുരസ്കാര വിതരണം, 'നഗരമേഖലയിലെ സൂക്ഷ്മസംരംഭങ്ങൾ50 പഠനങ്ങൾ' പുസ്തക പ്രകാശനം, പദ്ധതി സംബന്ധിച്ച ഹ്രസ്വചിത്രത്തിൻറെ സ്ക്രീനിങ്ങ് എന്നിവയും നടക്കും.അഞ്ച് വ്യത്യസ്ത വിഷയങ്ങളിലുള്ള പാനൽ ചർച്ചകളിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മികച്ച മാതൃകകൾ അവതരിപ്പിക്കും. കൂടാതെ അന്തർദേശീയ തലത്തിലുള്ള മികച്ച മാതൃകളും അവതരിപ്പിക്കും. കേന്ദ്ര ഭരണ പ്രദേശങ്ങളുടെ അവതരണവും ശിൽപശാലയിൽ ഉണ്ടായിരിക്കും. തീമാറ്റിക് സ്റ്റാളുകളും ഉൽപന്ന സ്റ്റാളുകളും സജ്ജമാക്കിയിട്ടുണ്ട്. ശിൽപശാലയിൽ പങ്കെടുക്കുന്ന പ്രതിനിധികൾ മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞ് കേരളത്തിലെ മികച്ച മാതൃകകൾ പഠിക്കുന്നതിനും അറിയുന്നതിനുമായി ഗുരുവായൂർ നഗരസഭ, കുന്നംകുളം നഗരസഭ, തൃശൂർ കോർപ്പറേഷൻ, കൊച്ചി വാട്ടർ മെട്രോ എന്നിവിടങ്ങൾ സന്ദർശിക്കും. സംസ്ഥാനത്ത് നഗര തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ട് 2015 മുതലാണ് എൻ.യു.എൽ.എം പദ്ധതിയുടെ തുടക്കം. നഗരമേഖലയിൽ ത്രിതല സംഘടനാ സംവിധാനമൊരുക്കി ദരിദ്ര കുടുംബങ്ങളെ കുടുംബശ്രീയുടെ കീഴിൽ കൊണ്ടുവരുന്നതിന് പ്രത്യേക പ്രാധാന്യം നൽകികൊണ്ടായിരുന്നു പ്രവർത്തനങ്ങൾ. നിലവിൽ 27154 അയൽക്കൂട്ടങ്ങൾ നഗരമേഖലയിലുണ്ട്. ഇതിലെ അംഗങ്ങളുടെ കുടുംബങ്ങളിലേക്ക് തൊഴിലും വരുമാനവുമെത്തിച്ചു കൊണ്ട് ദാരിദ്ര്യം ലഘൂകരണത്തിനായി നിരവധി പ്രവർത്തനങ്ങളും പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഊർജിതമാണ്. 25616 പേരെ വിവിധ തൊഴിൽ പരിശീലന പരിപാടിയിൽ പങ്കെടുപ്പിക്കുകയും അതിൽ 14942 പേർക്ക് വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കുകയും ചെയ്തത് പദ്ധതിയുടെ ഭാഗമാണ്. 5769 വ്യക്തിഗത സംരംഭങ്ങളും 1261 ഗ്രൂപ്പു സംരംഭങ്ങളും രൂപീകരിച്ചുകൊണ്ട് സ്വയംതൊഴിൽ മേഖലയിലും കുടുംബശ്രീ തൊഴിലവസരങ്ങളൊരുക്കി. നഗരദരിദ്രർക്കായി സംസ്ഥാനത്ത് 41 അഭയകേന്ദ്രങ്ങൾക്കും പദ്ധതി വഴി അനുമതി നേടി. ഇതിൽ 23 എണ്ണവും പ്രവർത്തനസജ്ജമായി കഴിഞ്ഞു. തെരുവോരങ്ങളിലും കടത്തിണ്ണകളിലും അന്തിയുറങ്ങേണ്ടി വരുന്ന നഗരദരിദ്രർക്ക് ഏറെ സഹായകമാവുകയാണ് കുടുംബശ്രീയുടെ ഈ അഭയകേന്ദ്രങ്ങൾ. സംസ്ഥാനത്തെ നഗര മേഖലയിലെ അസംഘടിതരായ തെരുവോര കച്ചവടക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ പശ്ചാത്തലവും അംഗീകാരവും ലഭ്യമാക്കുന്ന പ്രവർത്തനങ്ങളും ഇതോടൊപ്പം നടപ്പാക്കുന്നുണ്ട്. ഇതിനായി സർവേയിലൂടെ 25726 തെരുവു കച്ചവടക്കാരെ കണ്ടെത്തുകയും അതിൽ 19041 പേർക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുകയും ചെയ്തു. ഒപ്പം 6395 തെരുവു കച്ചവടക്കാർക്ക് വെൻഡിങ്ങ് സർട്ടിഫിക്കറ്റും നൽകി. തെരുവുകച്ചവടക്കാർക്ക് ധനസഹായവും നൽകുന്നുണ്ട്.

# വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ദിനം ആചരിക്കും

**കൊച്ചി:** വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ദിനം വിപുലമായി ആചരിക്കുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി വിമുക്തിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളിൽ ബോധവത്ക്കരണം നടത്തുന്നതിനായി സംഘടിപ്പിച്ച ആലോചനായോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലുള്ള വിമുക്തിയുമായി ചേർന്ന് ജില്ലാ പഞ്ചായത്തും ജില്ലാ ഭരണകൂടവും പൊതുവിദ്യാഭാസ വകുപ്പും സഹകരിച്ചാണ് വിദ്യാർത്ഥികളിൽ ക്യാമ്പയിൻ നടത്തുന്നത്. റീസർജൻസ് 2023 എന്ന പേരിൽ സംഘടിപ്പിക്കുന്ന ലഹരി വിരുദ്ധദിനാചരണവുമായി ബന്ധപ്പെട്ട് ജൂൺ 26 ന് കാക്കനാട് കാർഡിനൽ ഹയർ സെക്കന്ററി സ്കൂളിൽ ജില്ലാ തല ക്യാമ്പയിൻ സംഘടിപ്പിക്കാൻ യോഗത്തിൽ തീരുമാനമായി. ചടങ്ങിൽ മന്ത്രി പി. രാജീവ്, ബെന്നി ബഹനാൻ എം. പി, ഉമ തോമസ് എം.എൽ.എ എന്നിവർ പങ്കെടുക്കും. ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ബോധവത്ക്കരണം നടത്താൻ യോഗത്തിൽ തീരുമാനിച്ചു.എൻ.സി.സി.,എസ്. പി. സി, സ്കൗട്ട് ആൻഡ് ഗൈഡ്സ് എന്നിവയിലെ അംഗങ്ങളെ ലഹരി വിരുദ്ധവുമായി ബന്ധപ്പെട്ട് തുടർന്നുള്ള ക്യാമ്പയിനുകളുടെ അംബാസഡർമാറാക്കുവാനും വിമുക്തിയുടെ നേതൃത്വത്തിൽ 30 കോളേജ് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി മറ്റു സ്കൂളുകളിൽ ക്യാമ്പയിൻ നടത്തുവാനും യോഗത്തിൽ



തീരുമാനിച്ചു. എറണാകുളം 18, കോട്ടയം 21 എന്നീ ബറ്റാലിയനുകളിലെ അംഗങ്ങളുടെ പരേഡും ഗാർഡ് ഓഫ് ഓണറും സംഘടിപ്പിക്കും.ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ജന്മദിനത്തിൽ ലഹരി വിരുദ്ധ സന്ദേശം അടങ്ങുന്ന ലഘുലേഖ വിതരണം ചെയ്യാനും അതു വഴി കുടുംബാംഗങ്ങളിൽ ബോധവത്കരണം നടത്താനും കഴിയും. സ്കൂളുകളുടെ ചുമരുകളിൽ ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ചിത്രരചന മത്സരങ്ങളും ക്യാമ്പയിനിന്റെ ഭാഗമായി നടത്തും.കളക്ടറുടെ ചേംബറിൽ സംഘടിപ്പിച്ച ആലോചനാ യോഗത്തിൽ ജില്ലാ വികസന കമ്മീഷണർ എം. എസ്. മാധവിക്കുട്ടി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം, വിദ്യാഭ്യാസ ഉപഡയറക്ടർ ഹണി ജി. അലക്സാണ്ടർ , വിമുക്തി കോ ഓഡിനേറ്റർ ബിബിൻ ജോർജ്, എക്സൈസ് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# യോഗാചാര്യന്മാർക്ക് കൊച്ചി നഗരത്തിന്റെ ആദരം



**കൊച്ചി:** ഏഴ് പതിറ്റാ് കാലമായി കൊച്ചി നഗരത്തിൽ യോഗയിൽ അധിഷ്ഠിതമായ ജീവിത ശൈലി രൂപപ്പെടുത്തുന്നതിന് അശ്രാന്ത പരിശ്രമം നൽകുന്ന കെ പി ഭാസ്കരമേനോനെയും യോഗയുടെ പുതിയ തലങ്ങൾ കൊച്ചിക്ക് പരിചയപ്പെടുത്തിയ വി എസ് സുധീറിനേയും അന്താരാഷ്ട്ര യോഗ ദിനത്തിൽ കൊച്ചി നഗരസഭ ആദരിച്ച എറണാകുളം ടൗൺ ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ചാണ് യോഗാചാര്യന്മാരെ ആദരിച്ചത്. കൊച്ചി കോർപ്പറേഷൻ വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി ആർ റെനീഷ് ഉദ്ഘാടനം ചെയ്തു. കൊച്ചി നഗരസഭ ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ ലാൽ അധ്യക്ഷത വഹിച്ചു.ഡോ. അഖില വിനോദ് നയിച്ച മാനസിക പിരിമുറുക്കവും ശാരീരിക സമ്മർദ്ദവും കുറയ്ക്കുന്നതിനുള്ള പരിശീലന ക്ലാസ്സും നടന്നു.നഗരസൂത്രണ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ സനൽ മോൻ ജെ, അഡ്വ പി എസ് വിജു, കൗൺസിലർ, ദീപ വർമ്മ, കൗൺസിലർ, ഡോ. രാജൻ തുടങ്ങിയവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം തൃക്കാക്കര മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന കേരള സർവകലാശാലയുടെ വാല്യുവേഷൻ ക്യാമ്പിലേക്ക് ക്യാമ്പ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.അപേക്ഷകർ ജൂൺ 30ന് രാവിലെ 10ന് നേരിട്ട് മോഡൽ എഞ്ചിനീയറിംഗ് കോളേജിൽ യോഗ്യതാ സർട്ടിഫിക്കറ്റുമായി (അസ്സലും, പകർപ്പും) ഹാജരാകേതാണ്. ഡിഗ്രി അഥവാ ഡിപ്ലോമയും കമ്പ്യൂട്ടർ പരിജ്ഞാനവും ആണ് അടിസ്ഥാന യോഗ്യത.വിശദ വിവരങ്ങൾക്ക്: www.mec.ac.in

## കൊച്ചിയിൽ തൊഴിൽ തീരം പദ്ധതി ആരംഭിക്കുന്നു

**കൊച്ചി:** ജില്ലയിൽ കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ തൊഴിൽ തീരം പദ്ധതി ആരംഭിക്കും. പദ്ധതിയുടെ ഭാഗമായി ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഉന്നതതല യോഗം ജൂൺ 22ന് രാവിലെ 11 ന് തോപ്പുംപടി റൊസാരിയോ ഹാളിൽ സംഘടിപ്പിക്കുന്നു. കെ.ജെ. മാക്സി എം.എൽ.എ. യോഗം ഉദ്ഘാടനം ചെയ്യും. കേരള നോളജ് ഇക്കോണമി മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല പദ്ധതി അവതരണം നടത്തും. കൊച്ചി മണ്ഡലത്തിലെ അഭ്യസ്തവിദ്യരായ മത്സ്യബന്ധന സമൂഹത്തിലെ ഉദ്യോഗാർത്ഥികൾക്ക് കേരള നോളജ് ഇക്കോണമി മിഷന്റെ തൊഴിൽനൈപുണി പരിശീലനത്തിലൂടെ വൈജ്ഞാനിക തൊഴിൽ ലഭ്യമാക്കുവാനായുള്ള പദ്ധതിയാണ് തൊഴിൽ തീരം.മണ്ഡലത്തിലെ എല്ലാ തദ്ദേശസ്ഥാപന അധ്യക്ഷരും,ഫിഷറീസ്, തൊഴിൽ, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരും, കുടുംബശ്രീ, അസാപ്പ്, ഐ.സി.ടി. അക്കാദമി പ്രതിനിധികളും യോഗത്തിൽ പങ്കെടുക്കും. പദ്ധതി മൂന്നുമാസം കൊ് പൂർത്തീകരിക്കും.

## കേരള സവാരി രജിസ്ട്രേഷൻ ക്യാമ്പ്

**കൊച്ചി:** സർക്കാർ മേഖലയിലെ ആദ്യ ഓൺലൈൻ ഓട്ടോ ടാക്സി സംരംഭമായ കേരള സവാരിയുടെ ഡ്രൈവർമാർക്ക് രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. ജൂൺ 22 ന് വൈറ്റില മൊബിലിറ്റി ഹബ്ബിലെ പ്രീപെയ്ഡ് ആട്ടോ കൗിന് സമീപം രാവിലെ 10 മുതൽ വൈകിട്ട് 4 വരെ നടക്കും. എല്ലാ ഓട്ടോ ടാക്സി ഡ്രൈവർമാരും ലൈസൻസ്, ആർ. സി. എന്നിവയുമായി എത്തി രജിസ്റ്റർ ചെയ്യണം. ഫോൺ : 9072272208, 9188519857

## ഉപഭോക്തൃ ബോധവത്ക്കരണ ക്യാമ്പയിനുമായി പിഡിലൈറ്റ് റോഫ്




**കൊച്ചി:** നിർമാണങ്ങൾക്കും മറ്റ് പ്രത്യേക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന രാസവസ്തുക്കൾ നിർമിക്കുന്ന മുൻനിര സ്ഥാപനമായ പിഡിലൈറ്റിൽ നിന്നുള്ള പ്രത്യേക ബ്രാൻഡായ റോഫ്, പുതിയ ഉപഭോക്തൃ ബോധവൽക്കരണ ക്യാമ്പയിൻ പ്രഖ്യാപിച്ചു. ടൈലുകൾ ഘടിപ്പിക്കുമ്പോൾ പരമ്പരാഗത രീതികൾ ഉപയോഗിക്കുന്നതു കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറിച്ച് ഉപഭോക്താക്കളിൽ അവബോധം വർധിപ്പിക്കുകയാണ് ലക്ഷ്യം. വിള്ളലുകൾ വീണ ടൈലുകൾ, ഒട്ടിക്കുന്നത് വിട്ടുപോരൽ, അടർന്ന് വീണു പോകുന്ന ടൈലുകൾ, രൂപഭംഗിയില്ലാത്ത വിരിക്കൽ എന്നിങ്ങനെ പരമ്പരാഗത ടൈൽ ഘടിപ്പിക്കൽ രീതികളായ സിമന്റ് ഉൾപ്പെടെയുള്ളവ ഉപയോഗിക്കുന്നത് കൊണ്ടുള്ള പ്രശ്നങ്ങൾ ഉപഭോക്താക്കളിലേക്കെത്തിക്കാൻ ക്യാമ്പയിൻ ലക്ഷ്യമിടുന്നതായി പിഡിലൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജിങ്ങ് ഡയറക്ടർ സുധാൻശു വത്സ് പറഞ്ഞു. ടൈലുകൾ വിരിക്കുമ്പോൾ ആളുകൾ നേരിടുന്ന പതിവ് പ്രശ്നങ്ങളെ കുറയ്ക്കാനും ഇല്ലായ്മ ചെയ്യാനുമായി പ്രത്യേകം രൂപകൽപന ചെയ്തതാണ് റോഫ് ടൈൽ പശകൾ. മെച്ചപ്പെട്ട രീതിയിൽ ടൈലുകൾ ഒട്ടുകയും അവ കൃത്യമായ ലെവലിൽ വിരിക്കുകയും ചെയ്യുന്നതിനു സഹായിക്കുന്ന തരത്തിലുള്ള ഉയർന്ന ഒട്ടൽ കരുത്ത് റോഫ് ടൈൽ പശകൾക്ക് നൽകിയിട്ടുണ്ടെന്ന് പുതിയ പ്രചാരണ പരിപാടിയെ കുറിച്ച് സംസാരിക്കവെ പിഡിലൈറ്റ് ഇൻഡസ്ട്രീസ് ലിമിറ്റഡ് ഡെപ്യൂട്ടി മാനേജിങ്ങ് ഡയറക്ടർ സുധാൻശു വത്സ് പറഞ്ഞു.

## 'ഗതി ' വിതരണ ശൃംഖലയിൽ 1000 പിൻകോഡുകൾ കൂട്ടിച്ചേർത്തു

**മുംബൈ / കൊച്ചി:** രാജ്യത്തെ ഏറ്റവും മികച്ച ലൊജിസ്റ്റിക് കമ്പനികളിലൊന്നായ ഗതി ലിമിറ്റഡ് നേരിട്ടുള്ള വിതരണ ശൃംഖലയിൽ 1000 പിൻകോഡുകൾ കൂടി കൂട്ടിച്ചേർത്തു. ഓൾ കാർഗോ ഗ്രൂപ്പിനു കീഴിലുള്ള ഗതിയുടെ നേരിട്ടുള്ള വിതരണ സംവിധാനത്തിൽ ഇതോടെ 25 ശതമാനം വളർച്ചയുണ്ടാവും. കമ്പനിയുടെ വിപുലമായ ഗതാഗത, വെയർ ഹൗസിംഗ് സൗകര്യങ്ങളും വസ്തുക്കൾ യഥാസമയം എത്തിക്കാനുള്ള ശേഷിയും രാജ്യമെങ്ങുമുള്ള ഉപഭോക്താക്കൾക്ക് അനുഗ്രഹമായിത്തീരുകയാണ്. നേരിട്ടുള്ള വിതരണത്തിന് പിൻകോഡുമായി ബന്ധപ്പെടുത്തിയുള്ള ഗതിയുടെ സംവിധാനം അതിവേഗം, സുരക്ഷിതമായും ഉത്തരവാദിത്തത്തോടെയും സാധനങ്ങൾ എത്തിക്കാനുതകുന്നതാണ്. 5140 പിൻകോഡുകളിൽ നേരിട്ടുള്ള വിതരണ സൗകര്യം ഉറപ്പാക്കിയതിലൂടെ ഉപഭോക്താക്കൾക്ക് സമയ ലാഭം മാത്രമല്ല കൂടുതൽ വിശാലമായ വിതരണ ശൃംഖലയുടെ പ്രയോജനവും നേടാൻ കഴിയും. രാജ്യത്തെ 739 ജില്ലകളിൽ 735 എണ്ണത്തിലും 19800 പിൻകോഡുകളിൽ അതിവേഗം സാധനങ്ങൾ എത്തിക്കാൻ കെൽപുള്ള അതി വിപുലമായ സംവിധാനമാണ് ഗതിയുടേത്.നേരിട്ടുള്ള വിതരണത്തിനായി ആയിരം പിൻകോഡുകൾ കൂടി കൂട്ടിച്ചേർത്തതോടെ രാജ്യമെങ്ങും സാധനങ്ങൾ എത്തിക്കാനുള്ള ശേഷി വർധിച്ചതായി ഗതി മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ പിറോജ്ഷാ സർക്കാരി പറഞ്ഞു. അതിവേഗം സുരക്ഷിതമായി വസ്തുക്കൾ എത്തിക്കാനുള്ള ഗതിയുടെ ദൗത്യത്തിന്റെ തുടർച്ചയാണിത്. വൻകിട സ്ഥാപനങ്ങൾക്കു മാത്രമല്ല ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും സുരക്ഷിതമായി ആശ്രയിക്കാവുന്ന സ്ഥാപനമായി മാറിയ ഗതി രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് സംഭാവന അർപ്പിക്കുന്നതായും അദ്ദേഹം വിലയിരുത്തി. നേരിട്ട് സാധനങ്ങൾ എത്തിക്കുന്നതിനുള്ള സൗകര്യം വിപുലീകരിച്ചതിനൊപ്പം 180 രാജ്യങ്ങളിൽ ഗതിയുടെ സേവനം ലഭ്യമാണ്.



അന്താരാഷ്ട്ര യോഗാ ദിനാചരണത്തിന്റെ ഭാഗമായി ഇന്ത്യൻ നാവിക സേനയുടെ നേതൃത്വത്തിൽ ഐ.എൻ.എസ് വിക്രാന്തിൽ നടത്തിയ യോഗാഭ്യാസത്തിൽ കേന്ദ്രപ്രതിരോധവകുപ്പ് മന്ത്രി രാജ്നാഥ് സിങ് പങ്കെടുത്തപ്പോൾ

# സേനയ്ക്കൊപ്പം യോഗ ചെയ്ത് കേന്ദ്ര പ്രതിരോധ മന്ത്രി

**കൊച്ചി:** അന്താരാഷ്ട്ര യോഗാദിനത്തോടനുബന്ധിച്ച് ഇന്ത്യൻ നാവിക സേനയുടെ നേതൃത്വത്തിൽ കൊച്ചിയിലെ ദക്ഷിണ മേഖല നാവിക ആസ്ഥാനത്ത് നടത്തിയ യോഗാ ദിനാചരണത്തിൽ പങ്കെടുത്ത് കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി രാജ്നാഥ് സിങ്. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച വിമാനവാഹിനി കപ്പലായ ഐ.എൻ.എസ് വിക്രാന്തിൽ നടന്ന യോഗ ദിനാചരണത്തിൽ കേന്ദ്രമന്ത്രി രാജ് നാഥ് സിംങിനൊപ്പം 800 ലധികം സേന അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പങ്കാളികളായി.പ്രമുഖ യോഗാചാര്യന്മാരുടെ നേതൃത്വത്തിലായിരുന്നു യോഗാഭ്യാസം നടന്നത്.തുടർന്ന് യോഗാചാര്യന്മാരുമായും യോഗാഭ്യാസത്തിൽ പങ്കെടുത്ത 120 ലധികം അഗ്നിവീർ മാരുമായും കേന്ദ്ര മന്ത്രി സംവദിച്ചു.

## വൈറൽ പനികളുടെ വ്യാപനം: കൂടുതൽ ജാഗ്രത അനിവാര്യമെന്ന് ഐ.എം.എ കൊച്ചി

**കൊച്ചി:** കേരളത്തിൽ ഡെങ്കിപ്പനി, എച്ച് വൺ എൻ വൺ ഇൻഫ് ളുവെൻസ അടക്കമുള്ള വൈറൽ പനികളും എലിപ്പനിയും പടർന്നു പിടിച്ചിരിക്കുന്ന സാഹചര്യത്തിൽ പൊതുസമൂഹം കൂടുതൽ ജാഗ്രത പുലർത്തണമെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ(ഐ.എം.എ) കൊച്ചി ഘടകം.മഴക്കാലം എത്തിയതോടെ ഡെങ്കിപ്പനി,എച്ച് വൺ എൻ വൺ ഇൻഫ് ളുവെൻസ അടക്കമുള്ള വൈറൽ പനികൾ, എലിപ്പനി എന്നിവ കേരളത്തിൽ വ്യാപകമായി പടരുകയാണെന്ന് ഐ.എം.എ സയന്റിഫിക്ക് അഡ്വൈസർ ഡോ.രാജീവ് ജയദേവൻ,കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ.എസ് ശ്രീനിവാസ കമ്മത്ത്, സെക്രട്ടറി ഡോ. ജോർജ്ജ് തുകലൻ, മുൻ പ്രസിഡന്റുമാരായ ഡോ സണ്ണി പി. ഓരത്തേൽ,ഡോ. മരിയ വർഗീസ് എന്നിവർ വ്യക്തമാക്കി. നിരവധി രോഗികളാണ് ഡെങ്കിപ്പനി ബാധിച്ച് ആശുപത്രിയിൽ ചികിൽസ തേടി എത്തുന്നത്. പലരും അഡ്മിറ്റ് ആവുന്നു. എറണാകുളത്താണ് ഏറ്റവും അധികം രോഗികൾ. മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൈറസ് രോഗമാണ് ഡെങ്കിപ്പനി.പകൽ സമയത്ത് വ്യാപകമായി മനുഷ്യരെ ഓടിച്ചിട്ടു കടിക്കുന്ന ഈഡിസ് ഇനത്തിൽ പെട്ട കൊതുകുകളാണ് രോഗം പരത്തുന്നത്. ഇവ മുട്ടയിടുന്നത് ഉപ്പില്ലാത്ത വെള്ളത്തിലാണ്. മഴവെള്ളം എവിടെ കെട്ടിക്കിടന്നാലും കൊതുകുകൾ അവിടെ മുട്ടയിടും. പ്ലാസ്റ്റിക് മാലിന്യം കുമിഞ്ഞു കൂടി വെള്ളത്തിന്റ ഒഴുക്ക് തടസ്സപ്പെട്ട് അടഞ്ഞു കിടക്കുന്ന ഓടകൾ മുതൽ അകത്തളങ്ങളിൽ ഉള്ള ഫ്ളവർ വേസുകളിൽ, പൂച്ചട്ടികൾ, പറമ്പിൽ ഉള്ള പ്ലാസ്റ്റിക് കുപ്പികൾ, മരപ്പൊത്തുകൾ ഇവിടെയെല്ലാം ഈ കൊതുകിന് മുട്ടയിടാനാകും. പ്ലാസ്റ്റിക് മാലിന്യം മൂലമുള്ള ഹോർമോൺ വ്യതിയാനം കൊതുകിന്റെ പ്രജനനശേഷി വർദ്ധിപ്പിക്കുമെന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജ് നടത്തിയ പഠനമാണ് ലോകത്തിന് തെളിയിച്ചു കൊടുത്തത്. ഒരിക്കൽ രക്തം കുടിക്കാനായാൽ ഒരൊറ്റ കൊതുകിന് മുട്ടയിട്ട് നൂറുകകക്കിന് കൊതുകകളെ ഉൽപാദിപ്പിക്കാൻ വെറും പത്തു ദിവസം മതി. അതിനാൽ ഇതിന് അകത്തളങ്ങളിൽ പ്രവേശിക്കാനും കടിക്കാനും മുട്ടയിടാനുമുള്ള സാഹചര്യങ്ങൾ പൂർണമായി ഇല്ലാതാക്കണം. സൗത്ത് അമേരിക്കൻ രാജ്യമായ പെറുവിൽ ഡെങ്കിപ്പനി മൂലം അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. ചെറിയ ജീവിയാണെന്നു കരുതി ഇത് നിസ്സാരമായെടുക്കരുത്. ജീവിയുടെ വലിപ്പത്തിലല്ല, സംഖ്യാബലത്തിലാണ് കാര്യം. മാത്രമല്ല, നാലു തരം ഡെങ്കി വൈറസ് (ല്യൈറ്റ്യൂല) ഉള്ളതിനാൽ ആവർത്തിച്ച് വരാനിടയുണ്ട്, രണ്ടാമത് വരുന്നതാണ് കൂടുതൽ കഠിനം, ചിലപ്പോൾ ഗുരുതരമാകാറുമുണ്ടെന്നും ഡോക്ടർമാർ വ്യക്തമാക്കി.പുറത്തു ജോലി ചെയ്യുന്നവർ ഫുൾ സ്ലീവ് ഷർട്ട് ഇടുന്നത് ഗുണം ചെയ്യും. കൊതുക് അകത്തു കടക്കാതെ നെറ്റ് വയ്ക്കുന്നതു നല്ലതാണ്. ഓടകൾ വൃത്തിയാക്കണം, കൊതുകിന്റെ ലാർവ നശിപ്പിക്കാൻ മരുന്നും തളിക്കണം. വീട്ടുപരിസരത്തിലുള്ള ചെറുതും വലുതുമായ വെള്ളക്കെട്ട് പതിവായി കണ്ടെത്തി ഒഴിവാക്കുന്നതും നമ്മുടെ ഓരോരുത്തരുടെയും ചുമതലയാണ്. കിഴക്കൻ മേഖലകളിൽ ഡെങ്കിയും ഇൻഫ് ളുവെൻസയും ഒരേ സ്ഥലത്ത് ധാരാളമായി കാണപ്പെടുന്നു. ഒരു രോഗിയിൽ മേൽപ്പറഞ്ഞ ഒന്നിലധികം രോഗങ്ങൾ ഒരേ സമയത്തുണ്ടായാൽ കൂടുതൽ ആപത്താണ്. വായുസഞ്ചാരം കുറവുള്ള, തിരക്കുള്ള അകത്തളങ്ങളിൽ മാസ്ക് വയ്ക്കുന്നത് വായുവിലൂടെ പകരുന്ന ഇൻഫ് ളുവെൻസ ഒഴിവാക്കാൻ ഉപകരിക്കുമെന്നും ഡോക്ടർമാർ വ്യക്തമാക്കി.

# ലോക സംഗീത ദിനം ആഘോഷമാക്കി കൊച്ചി മെട്രോ



**കൊച്ചി:** ലോക സംഗീത ദിനത്തിൽ മെട്രോയിലേക്ക് യാത്രക്കാരെ വരവേറ്റത് നിഖിൽ വേലായുധൻ ലൈവ് എന്ന മ്യൂസിക് ബാൻഡ് ആയിരുന്നു. ആലുവ മുതൽ എസ് എൻ ജംഗ്ഷൻ വരെയും തിരിച്ചും കൊച്ചി മെട്രോയിൽ പാട്ട് പാടി സംഘം യാത്ര ചെയ്തു. കൊച്ചി മെട്രോയിൽ യാത്രചെയ്തവർക്ക് പുത്തൻ അനുഭവമാണ് ഗായകസംഘം ലോക സംഗീത ദിനത്തിൽ സമ്മാനിച്ചത്. ഇഷ്ടഗാനങ്ങൾ ആസ്വദിച്ച് യാത്ര ചെയ്യാൻ സാധിച്ചതിൽ യാത്രക്കാർ സന്തുഷ്ടരായിരുന്നു. നിഖിൽ വേലായുധൻ, റെയ്സൺ ജോൺ, അഖിൽ രഘു, എം.കൃഷ്ണൻ എന്നിവരാണ് ഗായക സംഘാംഗങ്ങൾ. വൈകിട്ട് 5 മണിക്ക് ഇടപ്പള്ളി മെട്രോ സ്റ്റേഷനിലും ഇവർ പരിപാടി അവതരിപ്പിച്ചു. ആലുവ സ്റ്റേഷനിൽ നാദം മ്യൂസിക്കിലെ വിദ്യാർത്ഥികളുടെ സംഗീത പരിപാടിയും അരങ്ങേറി. കൊച്ചി മെട്രോയുടെ ആറാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഒരുക്കിയിരിക്കുന്ന 'മധുരം മനോഹരം ഫ് ളവർ ആൻഡ് മാംഗോ ഫെസ്റ്റ' ഇന്ന് മുതൽ വൈറ്റില മെട്രോ സ്റ്റേഷനിൽ നടക്കും. രാവിലെ 11 മണിക്ക് കെ എം ആർ എൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ഫെസ്റ്റ് ഉദ്ഘാടനം ചെയ്യും. വിവിധ തരത്തിലുള്ള ചെടികൾ, മാങ്ങകൾ, എക്സോട്ടിക് പെറ്റുകൾ എന്നിവ ഷോയിലുണ്ടായിരിക്കുന്നതാണ്. മുപ്പത് ഇനം മാങ്ങകൾ വാങ്ങുന്നതിനായും അവസരമുണ്ട്. പൂക്കൾ കൊണ്ട് നിർമ്മിച്ച കൊച്ചി മെട്രോയുടെ മോഡൽ മുഖ്യ ആകർഷണമാണ്. നിരവധി ഫോട്ടോ ബൂത്തുകളും ഷോയെ ആകർഷകമാക്കുന്നതിനായി ഒരുക്കിയിട്ടുണ്ട്. ഇൻഡോർ ചെടികൾ, ഫലവൃക്ഷത്തൈകൾ, ഗാർഡനിംഗിനായുള്ള ഉത്പന്നങ്ങൾ എന്നിവയുടെ  പ്രദർശനവും വിൽപ്പനയുമുണ്ടാകും. രാവിലെ 11 മുതൽ രാത്രി 9.30 വരെയാണ് ദിവസേന ഫെസ്റ്റ് നടക്കുക. കൊച്ചി മെട്രോയിൽ സഞ്ചരിച്ച് വൈറ്റില സ്റ്റേഷനിൽ എത്തി 200 രൂപയ്ക്ക് മുകളിൽ മാങ്ങ വാങ്ങുന്നവർക്ക് ഒരു ടിക്കറ്റിന്റെ തുക ഇളവ് ലഭിക്കും.  ജൂൺ 25 വരെയാണ് മധുരം മനോഹരം ഫ് ളവർ ആൻഡ് മാംഗോ ഫെസ്റ്റ് നടക്കുക.കൊച്ചി മെട്രോയും താരസംഘടനയായ അമ്മയും ചേർന്ന് സംഘടിപ്പിച്ച ഷോർട്ട് ഫിലിം മത്സരത്തിന്റെ വിജയികൾക്കുള്ള സമ്മാനദാനവും വൈറ്റില മെട്രോ സ്റ്റേഷനിൽ ഇന്ന് രാവിലെ 11 മണിക്ക് നടക്കും. അമ്മ ജനറൽ സെക്രട്ടറി ഇടവേള ബാബു, സമ്മാനങ്ങൾ സ്പോൺസർ ചെയ്ത മഹാസുബൈർ വർണ്ണചിത്ര പ്രൊഡക്ഷൻസ് എന്നിവർ പങ്കെടുക്കും.

# ഹൃദ്രോഗ ചികിത്സ:ആസ്റ്റർ മെഡ്സിറ്റിക്ക് ലോകോത്തര അംഗീകാരം

**കൊച്ചി:** കേരളത്തിന്റെ ആരോഗ്യ മേഖലയിൽ വലിയ മാറ്റങ്ങൾക്ക്  വഴിതെളിച്ച ആസ്റ്റർ മെഡ്സിറ്റിക്ക് ആഗോള അംഗീകാരം. ഏഷ്യാ പസഫിക് മേഖലയിൽ ഹൃദ്രോഗ ചികിത്സയിൽ ഏറ്റവും മികവ് പുലർത്തുന്ന 100 ആശുപത്രികളുടെ പട്ടികയിലാണ് ആസ്റ്റർ ഡി.എം ഹെൽത്ത് കെയറിന് കീഴിൽ പ്രവർത്തിക്കുന്ന കൊച്ചി ആസ്റ്റർ മെഡ്സിറ്റി ഇടം പിടിച്ചത്. മാധ്യമ സ്ഥാപനമായ ന്യൂസ് വീക്കും  അനലറ്റിക്കൽ സർവേ ഗ്രൂപ്പായ സ്റ്റാറ്റിസ്റ്റയും ചേർന്നായിരുന്നു മികച്ച ആശുപത്രികളെ കണ്ടെത്താൻ സർവേ നടത്തിയത്. 2023ലെ ഏഷ്യാ പസഫിക് മേഖലയിലെ (എ.പി.എ.സി) മികച്ച 100 സ്പെഷ്യലൈസ്ഡ് ആശുപത്രികളെ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. പട്ടികയിൽ 49മതുള്ള ആസ്റ്റർ  രാജ്യത്ത് ഒൻപതാം സ്ഥാനത്താണ്.ഓസ്ട്രേലിയ, ഇന്ത്യ, ഇൻഡോനേഷ്യ, ജപ്പാൻ, മലേഷ്യ, സിങ്കപ്പൂർ, ദക്ഷിണ കൊറിയ, തായ്വാൻ, തായ്ലൻഡ് എന്നീ രാജ്യങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളായിരുന്നു മത്സരത്തിൽ ഉണ്ടായിരുന്നത്. മേഖലയിലെ 8000ഓളം വരുന്ന ആരോഗ്യ വിദഗ്ധരും ആശുപത്രി അധികൃതരും ചേർന്ന് നടത്തിയ സമഗ്രമായ വിലയിരുത്തലുകൾക്ക് ശേഷമാണ് പട്ടിക തയ്യാറാക്കിയത്. അത്യാധുനിക സൗകര്യങ്ങൾ, നൂതന ചികിത്സകൾ, ഉയർന്ന വൈദഗ്ധ്യവും അനുഭവപരിചയവുമുള്ള ഡോക്ടർമാർ തുടങ്ങിയ ഘടകങ്ങളാണ് ആസ്റ്റർ മെഡ്സിറ്റിക്ക് തുണയായത്. കാർഡിയോളജി, ഇന്റർവെൻഷണൽ കാർഡിയോളജി, കാർഡിയോതൊറാസിക് വാസ്കുലർ സർജറി, കാർഡിയാക് സർജറി, ഹാർട്ട് ട്രാൻസ്പ്ലാന്റ്, മുതിർന്നവർക്കും കുട്ടികൾക്കും കാർഡിയാക് റീഹാബിലിറ്റേഷൻ എന്നിവയുൾപ്പെടെ വിപുലമായ സേവനങ്ങളാണ് ആസ്റ്റർ മെഡ്സിറ്റിയുടെ കാർഡിയാക് സയൻസസ് സെന്ററിലുള്ളത്. ഓരോ വർഷവും  പതിനായിരക്കണക്കിന് രോഗികളാണ് ചികിത്സ തേടി ഇവിടെയെത്തുന്നത്.ആരോഗ്യരംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സ്ഥാപനമെന്ന നിലയിൽ രോഗികൾക്ക് നൽകുന്ന ഏറ്റവും നല്ല പരിചരണത്തിന്റെയും അവരോടുള്ള പ്രതിബദ്ധതയുടെയും തെളിവാണ് ഈ നേട്ടമെന്ന് ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ സ്ഥാപക ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.ആരോഗ്യ സംരക്ഷണ മേഖലയിലെ മികവിന് വേണ്ടി തുടർന്നും പ്രവർത്തിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. നൂതനമായ ചികിത്സകളിലൂടെയും വ്യക്തിഗത പരിചരണത്തിലൂടെയും ഹൃദയാരോഗ്യ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനും സദാസന്നദ്ധരാണെന്ന് ആസ്റ്റർ ഡി.എം ഹെൽത്ത്കെയർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. നിതീഷ് ഷെട്ടി കൂട്ടിചേർത്തു

# അജിയോ ബിഗ് ബോൾഡ് സെയിൽ : ഓർഡറുകളിൽ  50% വർധന




**കൊച്ചി/ മുംബൈ:** ഇന്ത്യയിലെ മുൻനിര ഫാഷൻ ഇ റെറ്റെയിലറായ   അജിയോ ജൂൺ 1 ന് പ്രഖ്യാപിച്ച  ബിഗ് ബോൾഡ് സെയിൽ (ബിബിഎസ്) മുൻ പതിപ്പുകളെക്കാൾ ഏറ്റവും ഉയർന്ന വിൽപ്പന രേഖപ്പെടുത്തിയതായി അജിയോ അധികൃതർ  വ്യക്തമാക്കി.വിൽപ്പനയുടെ ആദ്യ മണിക്കൂർ മുതൽ തന്നെ, 1.3+ മില്യൺ സ്റ്റൈലുകളിലായി ഉപഭോക്താക്കൾ 1200+ ദശലക്ഷം മിനിറ്റുകൾ അവകഛരയിൽ ഷോപ്പിംഗ് നടത്തി. സ്പെഷ്യൽ വിൽപ്പനയുടെ മുൻ പതിപ്പിനേക്കാൾ മൊത്തത്തിലുള്ള ഓർഡർ വോളിയം 40% വർദ്ധിച്ചു.മികച്ച ഉൽപ്പന്നങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ലഭ്യമായതിനാൽ  ജൂൺ 1 ന് ഗോലൈവ് കിക്ക്ഓഫ് അർദ്ധരാത്രിയിൽ ഏറ്റവും ഉയർന്ന ഓർഡറുകൾ രജിസ്റ്റർ ചെയ്തു. ഓൺലൈൻ ട്രാഫിക്കിലും ഓർഡറുകളിലും പലമടങ്ങ് വർദ്ധനവ് ഉായി.  ബിഗ് ബോൾഡ് സെയിൽ നടന്ന ദിവസങ്ങളിൽ ഉപഭോക്താക്കൾ അജിയോയിൽ 1200+ ദശലക്ഷം മിനിറ്റ് ഷോപ്പിംഗ് നടത്തി. മൊത്തം ഓർഡറുകളുടെ 50% ടയർ 2, 3 വിപണികളിൽ നിന്നാണ് എന്നുള്ളത് എടുത്തു പറയേ കാര്യമാണ്. മൊത്തത്തിലുള്ള വിൽപ്പന മുൻ സ്പെഷ്യൽ വിൽപ്പന പതിപ്പുകളെക്കാൾ 40% വർദ്ധിച്ചുവെന്നും അജിയോ അധികൃതർ വ്യക്തമാക്കി.

# സ്റ്റാർ ഹെൽത്ത് ഇൻഷൂറൻസിന് ഐഎസ്ഒ സർട്ടിഫിക്കറ്റ്

**കൊച്ചി:** ഇന്ത്യയിലെ ആരോഗ്യ ഇൻഷൂറൻസ് സ്പെഷലിസ്റ്റായ സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷൂറൻസിന് ഇൻഫർമേഷൻ സുരക്ഷാ മാനേജ്മെന്റ് സേവനങ്ങൾക്കായുള്ള ഐഎസ്ഒ: 27001 സർട്ടിഫിക്കേഷനും ബിസിനസ് കിന്യുവിറ്റി മാനേജുമെന്റ് സംവിധാനങ്ങൾക്കായുള്ള ഐഎസ്ഒ: 22301 സർട്ടിഫിക്കേഷനും നേടിയതായി സ്റ്റാർ ഹെൽത്ത് മാനേജിങ് ഡയറക്ടറും സിഇഒയുമായ ആനന്ദ് റോയ്.  ഇൻഫർമേഷൻ സുരക്ഷ, ബിസിനസ് കിന്യൂവിറ്റി തുടങ്ങിയവയിൽ ഉന്നത നിലവാരം ഉറപ്പാക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് ഇതു സൂചിപ്പിക്കുന്നതെന്ന് ആനന്ദ് റോയ് വ്യക്തമാക്കി.

# ടാറ്റ ടീ കണ്ണൻ ദേവനുമായി കൈകോർത്ത് നെസ്‌ലെ എവരിഡേ

**തിരുവനന്തപുരം:** ഇന്ത്യയിലെ പ്രമുഖ ബ്രാൻഡുകളായ ടാറ്റ കണ്ണൻ ദേവനും നെസ്‌ലെ ഇന്ത്യയും കൈകോർക്കുന്നു. കേരളത്തിലെ ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച ചായ നൽകുക എന്ന ലക്ഷ്യത്തോടെയാണ് പങ്കാളിത്തം. കേരളം ഇഷ്ടപ്പെടുന്ന ചായയുടെ തനത് കൂട്ട് കണ്ണൻ ദേവൻ വാഗ്ദാനം ചെയ്യുമ്പോൾ നെസ്ലെ എവരിഡേ അത് കട്ടിയുള്ളതും കൂടുതൽ രുചികരവുമാക്കി മികച്ച ചായ അനുഭവം ഉറപ്പുനൽകുന്നു. കേരളത്തിന്റെ പ്രിയപ്പെട്ട ചായ ബ്രാൻഡായ കണ്ണൻ ദേവനും ചായയുടെ ഉത്തമ പങ്കാളിയായ നെസ്‌ലെ ഇവരിഡേയും ആദ്യമായാണ് ഇത്തരത്തിൽ ഒന്നിക്കുന്നത്.പങ്കാളിത്തത്തിന്റെ ഭാഗമായി, പ്രത്യേക ഓഫറുകൾ പ്രഖ്യാപിച്ചിട്ടു്. നെസ്‌ലെ 400 ഗ്രാം പാക്കിനൊപ്പം കണ്ണൻ ദേവൻ ചായ 100 ഗ്രാം സൗജന്യമായി ലഭിക്കും. ഇതോടൊപ്പം കണ്ണൻ ദേവൻ 250 ഗ്രാം പാക്കിനൊപ്പം 15 ഗ്രാം നെസ്‌ലെ പാക്കറ്റും സൗജന്യമായി ലഭിക്കും. സംയുക്ത പ്രമോഷനിലൂടെ ര് ബ്രാൻഡുകളും സജീവമാക്കലും ഉപഭോക്തൃ ആശയവിനിമയവും പിന്തുണയ്ക്കുന്നു.

# മണപ്പുറം ഫിനാൻസ് എംഡിയായി വി പി നന്ദകുമാർ

**കൊച്ചി:** മണപ്പുറം ഫിനാൻസ് ലിമിറ്റഡ് എംഡിയും സിഇഒയുമായി വി പി നന്ദകുമാറിനെ വീണ്ടും നിയമിക്കാൻ ഡയറക്ടർ ബോർഡ് തീരുമാനിച്ചു. 2024 ഏപ്രിൽ ഒന്നു മുതൽ 2029 മാർച്ച് 31 വരെ അഞ്ചു വർഷത്തേക്കാണ് പുനർനിയമനം. കമ്പനിയുടെ വാർഷിക പൊതുയോഗം  അംഗീകരിച്ചതിനു ശേഷമാകും ഈ നിയമനം.

# കുട്ടികൾക്കായുള്ള ഏറ്റവും വലിയ പ്ലേ പാർക്ക് കുറ്റ്യാടിയിൽ



**കോഴിക്കോട്:** കുട്ടികൾക്കായുള്ള ഇന്ത്യയിലെ ഏറ്റവും വലിയ പ്ലേ പാർക്കായ ആക്റ്റീവ് പ്ലാനറ്റ് കുറ്റ്യാടിയിൽ പ്രവർത്തനമാരംഭിച്ചു. വിശാലമായ പത്തേക്കർ സ്ഥലത്താണ് പാർക്ക് സ്ഥിതി ചെയ്യുന്നത്. തിരക്കേറിയ ജീവിതശൈലിയിൽ നിന്നും അൽപ്പ വിട്ടുനിൽക്കാനാഗ്രഹിക്കുന്ന ഏത് പ്രായക്കാർക്കും പ്രയോജനപ്പെടുന്ന പാർക്കാണിതെന്നും കുറ്റ്യാടിയുടെ മുഖച്ഛായ മാറ്റാൻ പ്രാപ്തിയുള്ള ഈ പാർക്ക്, തദ്ദേശവാസികൾക്കായി നിരവധി തൊഴിൽ സാധ്യതകളും നൽകുന്നുണ്ടെന്നും പാർക്കിന്റെ സ്ഥാപകനും എംഡിയുമായ നിസാർ അബ്ദുല്ല പറഞ്ഞു. കുറ്റ്യാടിയുടെ വിശാലമായ ദൃശ്യഭംഗി കൂടി സമ്മാനിക്കുന്ന ഇടത്താണ് ആക്റ്റീവ് പ്ലാനറ്റ് സ്ഥിതി ചെയ്യുന്നത്. രണ്ടരലക്ഷം സ്ക്വയർ ഫീറ്റിൽ ആയിരത്തിലധികം മരങ്ങളും 2.3 ലക്ഷം വൈവിധ്യമാർന്ന ചെടികളും അരലക്ഷം പൂച്ചെടികളുമാണ് പാർക്കിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒപ്പം പതിനായിരം സ്ക്വയർ ഫീറ്റിൽ ഒരു വെർട്ടിക്കൽ ഗാർഡനും സ്ഥാപിച്ചിട്ടുണ്ട്. അഞ്ച് മുതൽ 14 വയസുവരെയുള്ള കുട്ടികൾക്കായുള്ള കളിസ്ഥലങ്ങളും വിനോദ പരിപാടികളുമാണ് പാർക്കിൽ ഒരുക്കിയിട്ടുള്ളത്. കുട്ടികൾക്ക് സമയം ചെലവഴിക്കാൻ നാല്പതിലേറെ ഫ്രീസ്റ്റൈൽ സ്ലൈഡുകളും ആക്റ്റീവ് പ്ലാനറ്റിലുണ്ട്. കലാസാംസ്കാരിക വിരുന്നുകളും പാർക്കിൽ ഉണ്ടാകും. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാരെ ഇതിനായി കുറ്റ്യാടിയിലേക്കെത്തിക്കും. കേരളത്തിൽ നിന്നുള്ള തനത് കലാകാരന്മാരോടൊപ്പം അവർ ആക്റ്റീവ് പ്ലാനറ്റിൽ പ്രത്യേക പരിപാടികൾ അവതരിപ്പിക്കും. വ്യത്യസ്തമായ ഈ കലാവിഷ്കാരങ്ങൾ സന്ദർശകർക്കും വേറിട്ട അനുഭവമാകും.ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള രുചി വൈവിധ്യങ്ങൾ ഒന്നിക്കുന്ന ഫുഡ് കോർട്ട്, പാർക്കിൽ ഉല്ലസിക്കുന്നവർക്ക് എളുപ്പത്തിൽ ഇവ ലഭ്യമാക്കാൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫുഡ് ട്രക്കുകൾ തുടങ്ങിയവയും ഉടൻ സജ്ജമാകുമെന്നും നിസാർ അബ്ദുല്ല പറഞ്ഞു. ജോലിത്തിരക്ക് കാരണം വീട്ടിലും ഓഫീസിലുമൊക്കെ അടഞ്ഞിരിക്കുന്ന മനുഷ്യരെ പുറത്തേക്ക് ഇറങ്ങാനും നല്ല അന്തരീക്ഷത്തിൽ സമയം ചെലവഴിക്കാനും പ്രേരിപ്പിക്കാനാണ് ആക്റ്റീവ് പ്ലാനറ്റ് ശ്രമിക്കുന്നത്.

കുട്ടികൾക്കുള്ള കളിസ്ഥലം മാത്രമല്ല, കോഴിക്കോട് നഗരത്തിനാകെ ശുദ്ധവായു നൽകുന്ന ശ്വാസകോശമായി മാറാനാണ് ആക്റ്റീവ് പ്ലാനറ്റ് ശ്രമിക്കുക. വിദേശരാജ്യങ്ങളിൽ ഇത്തരം പാർക്കുകൾ രൂപകൽപന ചെയ്ത പരിചയസമ്പത്തുള്ള എഞ്ചിനീയർമാരാണ് ഇതിനുപിന്നിൽ പ്രവർത്തിച്ചിട്ടുള്ളത്. നാട്ടുകാരുടെ കൂടി സഹകരണത്തോടെ, വർഷങ്ങൾ നീണ്ട പ്രയത്നത്തിലൂടെയാണ് ഈ പാർക്ക് യാഥാർഥ്യമായതെന്നും പൊതുജനങ്ങൾ ഈ പാർക്ക് പരമാവധി പ്രയോജനപ്പെടുത്തുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം പറഞ്ഞു.വളരെ മിതമായ നിരക്കിലാണ് പാർക്കിലേക്കുള്ള പ്രവേശനം. രാവിലെ പാർക്കിനുള്ളിലെ എണ്ണമറ്റ വിനോദ പരിപാടികളിൽ അഞ്ച് മണിക്കൂർ ചെലവഴിക്കാൻ 300 രൂപ മാത്രം നൽകിയാൽ മതി. ഉച്ചമുതൽ രാത്രി വരെയുള്ള സെഷനുകളിൽ പങ്കെടുക്കാൻ 400 രൂപ നൽകണം. വാരാന്ത്യങ്ങളിൽ രാവിലെയുള്ള സെഷന് 350 രൂപയും പിന്നീടങ്ങോട്ട് 450 രൂപയുമാണ് നിരക്ക്. മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും സൗജന്യപ്രവേശനവും പ്രത്യേക ഇളവുകളും നൽകും. രണ്ട് വയസിൽ താഴെയുള്ള കുട്ടികൾക്ക് പ്രവേശനം സൗജന്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

## വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** വനിത, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന സംവിധായകർക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച സിനിമാ പദ്ധതിയുടെ 2022–23 വർഷത്തെ വിജയികളെ പ്രഖ്യാപിച്ചു. വനിതാ വിഭാഗത്തിൽ ആതിര ടി.എൻ (തിരക്കഥ 'കഫേ അൺലിമിറ്റഡ്'), മിനി പൂങ്ങാട്ട് (തിരക്കഥ 'കൂത്ത്') എന്നിവരേയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ അജിത്ത്.വി (തിരക്കഥ 'ആറ്റുമാലി'), സുമേഷ് സി.എസ്. (തിരക്കഥ 'ബ്രേക്ക് സുകുമാരൻ') എന്നിവരേയും തിരഞ്ഞെടുത്തു. സാഹിത്യകാരൻ വി.ജെ. ജെയിംസ്, ചലച്ചിത്ര സംവിധായകൻ എം.എ. നിഷാദ് എന്നിവർ അംഗങ്ങളായും നടി വിധുബാല ചെയർപേഴ്സണുമായ ഗ്രാന്റ് ജൂറിയാണ് വിജയികളെ തിരഞ്ഞെടുത്തത്. കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ച്, താരാ രാമാനുജൻ സംവിധാനം ചെയ്ത 'നിഷിദ്ധോ' എന്ന ചിത്രത്തിന് 52ാമത് സംസ്ഥാന ചലച്ചിത്ര പുരസ്കാരം, 26ാമത് കഎഎഗ യിലെ മികച്ച ഇന്ത്യൻ നവാഗത സംവിധായകക്കുള്ള പുരസ്കാരം എന്നിവ ലഭിച്ചിരുന്നു. ശ്രുതിശരണ്യം സംവിധാനം ചെയ്ത 'ബി 32 മുതൽ 44 വരെ' എന്ന ചിത്രത്തിന് 2022 ലെ മികച്ച തിരക്കഥക്കുള്ള പത്മരാജൻ പുരസ്കാരവും, 2022 ലെ മികച്ച സിനിമ, മികച്ച തിരക്കഥ എന്നിവക്കുള്ള ഫിലിം ക്രിട്ടിക്സ് പുരസ്കാരവും ലഭിച്ചു. കെ.എസ്.എഫ്.ഡി.സി. നിർമ്മിച്ച ചിത്രങ്ങളായ 'നിഷിദ്ധോ' 2022 നവംബർ 11 നും 'ഡിവോഴ്സ്' 2023 ഫെബ്രുവരി 24 നും 'ബി 32 മുതൽ 44 വരെ' 2023 എപ്രിൽ 16 നും കേരളത്തിലെ അമ്പതോളം തീയേറ്ററുകളിൽ റിലീസ് ചെയ്തു. ഈ ചിത്രങ്ങൾ നിരവധി ദേശീയ അന്തർദേശീയ ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ചു വരുന്നു.

# ലിയോ: സർപ്രൈസ് പ്രൊമോ പങ്കുവച്ച് ലോകേഷ് കനകരാജ്




**കൊച്ചി:** ജൂൺ 22 ന് ദളപതി വിജയുടെ ജന്മദിനത്തിന് മുന്നോടിയായി, ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന അദ്ദേഹത്തിന്റെ ചിത്രമായ ലിയോയുടെ ആദ്യ സിംഗിൾ പ്രൊമോ പുറത്തിറങ്ങി. വാഗ്ദാനം ചെയ്തതുപോലെ, ലിയോയുടെ സംവിധായകൻ ലോകേഷ് കനകരാജ് തന്റെ ഔദ്യോഗിക ട്വിറ്റർ ഹാൻഡിൽ ഗാനത്തിന്റെ പ്രൊമോ പങ്കുവച്ചു. വിജയ്‌യുടെ നാൽപ്പത്തി ഒൻപതാം ജന്മദിനത്തിൽ, പല സിനിമാ നിർമ്മാതാക്കളും തമിഴ് സൂപ്പർതാരത്തിനായി സർപ്രൈസുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്, അത് യഥാസമയം അനാവരണം ചെയ്യപ്പെടും.അതിനൊക്കെ മുന്നോടിയായാണ് ലോകമെമ്പാടുമുള്ള വിജയ് ഫാൻസ് കാത്തിരിക്കുന്ന ലിയോ സിംഗിളിന്റെ സർപ്രൈസ് ലോകേഷ് വെളിപ്പെടുത്തിയത്.ലോകേഷ് തന്റെ ഔദ്യോഗിക ട്വിറ്റർ ഹാൻഡിൽ കുറിച്ചു, 'ഇന്താ പാടലായി പാടിയവർ നിങ്ങൾ വിജയ് ' അഡ്വാൻസ് ജന്മദിനാശംസകൾ നേരുന്നു.സോഷ്യൽ മീഡിയയിൽ ട്രെൻഡിങ് ആണ് ലിയോ ആദ്യ ഗാനത്തിലെ പ്രൊമോ. സെവൻ സ്ക്രീൻ സ്റ്റുഡിയോ, ദി റൂട്ട് എന്നിവയുടെ ബാനറുകളിൽ ലളിത് കുമാറും ജഗദീഷ് പളനിസാമിയും ചേർന്ന് നിർമ്മിക്കുന്ന ചിത്രം മാസ്റ്റർ ക്രാഫ്റ്റ്സ്മാൻ ലോകേഷ് കനകരാജാണ് ഒരുക്കുന്നത്. പിറന്നാൾ ദിനത്തിൽ റിലീസ് ചെയ്യുന്ന ഗാനത്തിൽ 1000ലധികം നർത്തകർക്കൊപ്പം അടുത്തിടെ ചിത്രീകരിച്ച ഗാനം ആലപിച്ചിരിക്കുന്നത് ദളപതി വിജയ് ആയിരിക്കുമെന്നാണ് ആരാധകരുടെ കണക്കുകൂട്ടലുകൾ . വിജയ്, തൃഷ, സഞ്ജയ് ദത്ത്, അർജുൻ സർജ, ഗൗതം മേനോൻ, മിഷ്കിൻ, മാത്യു തോമസ്, മൻസൂർ അലി ഖാൻ, പ്രിയ ആനന്ദ്, സാൻഡി, ജനനി, അഭിരാമി വെങ്കിടാചലം, ബാബു ആന്റണി തുടങ്ങി നിരവധി താരങ്ങളാണ് ചിത്രത്തിൽ അണിനിരക്കുന്നത്. ചിത്രത്തിനായി അനിരുദ്ധ് സംഗീതം ഒരുക്കുന്നു . വാരിസിനും മാസ്റ്ററിനും ശേഷം സെവൻ സ്ക്രീൻ സ്റ്റുഡിയോസ് നിർമിക്കുന്ന ചിത്രമാണ് ദളപതി 67. ഡി ഓ പി : മനോജ് പരമഹംസ, ആക്ഷൻ : അൻപറിവ് , എഡിറ്റിങ് : ഫിലോമിൻ രാജ്, ആർട്ട് : എൻ. സതീഷ് കുമാർ , കൊറിയോഗ്രാഫി : ദിനേഷ്, ഡയലോഗ് : ലോകേഷ് കനകരാജ്,രത്നകുമാർ & ധീരജ് വൈദി, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ : രാം കുമാർ ബാലസുബ്രഹ്മണ്യൻ. ഒക്ടോബർ 19 ന് ലോകമെമ്പാടും ലിയോ തിയേറ്ററുകളിൽ എത്തും. പി ആർ ഓ : പ്രതീഷ് ശേഖർ.Link : http://youtu.be/iq5MaiXAUog

